ലക്കം-6/ജൂൺ, 2013

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



**ജ്ഞാനജ്ഞാനേശ്വരി സരസ്വതി ദേവിയുടെ 48-ാം പുണ്യദിനം**

**24-06-2013**

# ആമുഖം


## പെയ്തിറങ്ങുന്ന സ്നേഹവർഷം...

നീണ്ട കാത്തിരിപ്പിനൊടുവിൽ പെയ്തിറങ്ങുന്ന വർഷത്തിൽ മതിമറക്കുന്ന വേഴാമ്പലുകളുടെ മാസമാണ് ജൂൺ. ഒപ്പം ഒരവധിക്കാലം കൂടി തിമിർത്താടിയതിന്റെ സ്മൃതികൾ പങ്കുവയ്ക്കുന്ന കൊച്ചു കൂട്ടുകാരുടെയും. വരണ്ടുണങ്ങിയ ഉത്തര ഭാരതത്തിൽ നിന്നു കാണുമ്പോൾ കേരളത്തിനു പച്ചപ്പ് ഒരല്പം കൂടുതൽ തന്നെ. ഒരു മരുപ്പച്ചയായി മലയളി സമൂഹം മാറുതെന്ന് ഹൃദത്തിൽ നിന്നും ആഗ്രഹിക്കുകയും അതിനായി അഹോരാത്രം പ്രയത്നിക്കുകയും ചെയ്യുന്ന ഒരു കൊച്ചു സമൂഹത്തെയാണ് ഹവിസ്സ് പ്രതിനിധാനം ചെയ്യുന്നത്.

മാററം എല്ലാ ജീവസമൂഹങ്ങളുടെയും പൊതു സ്വഭാവമാണ്. അത് വളർച്ചയിലേയ്ക്കായാലും തളർച്ചയിലേയ്ക്കായാലും. കാലചക്രത്തിന്റെ ചുററിത്തിരിയലിൽ ഒന്നിനും സ്ഥായിയായ നിലനില്പില്ല. സതോഗുണപ്രധാനരായിരുന്ന മാനവകുലം ഇന്നത്തെ താമസ അവസ്ഥയിൽ എത്തി നിൽക്കുന്നതും കാലചക്രത്തിന്റെ പ്രവാഹത്തിൽ പെട്ടു തന്നെ. ബന്ധങ്ങൾ നിലനിർത്തുവാൻ മലയാളി വലിയ ത്വരയൊന്നും കാട്ടുന്നതായി കാണുന്നില്ല. ഹവിസ്സിനെ ഏററവും അധികം ദുഃഖിപ്പിക്കുന്നത് ഇടപിരിഞ്ഞു പോകുന്ന മലയാളിയുടെ ഇന്നത്തെ ദുരവസ്ഥയാണ്. ആശയപരമായ വ്യത്യാസങ്ങൾ നിലനിന്നിരുന്നപ്പോഴും വ്യക്തി ബന്ധങ്ങൾ മുറിയാതെ കാത്തിരുന്ന ഒരു തലമുറ ഇവിടെ നമുക്കു മുമ്പ് ജീവിച്ചിരുന്നു. ലോകാസമസ്താ സുഖിനോ ഭവന്തു: എന്ന് ഉള്ളുതുറന്നു പ്രാർത്ഥിക്കുവാൻ അവർക്ക് ആകുമായിരുന്നു. വസുധൈവകുടുംബകം അവരുടെ സ്വപ്നമായിരുന്നില്ല, ജീവശ്വാസമായിരുന്നു. ഒരേ ഒരു പരമ പിതാവിന്റെ സന്താനങ്ങളായ നമുക്ക് രണ്ടെന്നു കാണുവാനുള്ള ബുദ്ധിയുദിച്ചതെവിടെ നിന്നോ എന്നറിയില്ല. നമുക്ക് ഇതിനൊരു മാററം കൊണ്ടു വന്നേ ആകൂ. നമുക്കതിനു സാധിക്കും, കാലവും കല്പവും നമുക്കു വേണ്ടി കാത്തിരിക്കുന്ന സൃഷ്ടിചക്രത്തിന്റെ ഈ അമൃതവേളയിൽ ഇതു സാധ്യമായേ തീരൂ.

ആദ്യമായി നമുക്ക് പരസ്പരം സ്നേഹിക്കാം. ആ സ്നേഹത്തിലൂടെ പരസ്പരം അടുത്തറിയാം. അതിലൂടെ കൂടുതൽ സ്നേഹം പങ്കു വയ്ക്കാം. വിഷമിക്കേണ്ട സുഹൃത്തേ, അവർ പ്രതികരിച്ചില്ലെങ്കിലോ എന്നല്ലേ നിങ്ങളുടെ മനസ്സ് പറയുന്നത്? സമയമാകുമ്പോൾ അവരും തിരിച്ചറിയും. ഞാൻ എന്ന വാക്കിന്റെ അമിതോപയോഗം നമുക്ക് കുറയ്ക്കാം. അറിയാതെ നീളുന്ന ഈ അഹംഭാവത്തിന്റെ, അഹങ്കാരത്തിന്റെ 'ഞാൻ' ആണ് എല്ലാ പ്രശ്നങ്ങളുടെയും മൂല കാരണം. മററുള്ളവരുടെ അഭിപ്രായങ്ങൾ, കാഴ്ചപ്പാടുകൾ വ്യത്യസ്തമാണെങ്കിൽ, അവരുടെ അഭിപ്രായങ്ങൾ, കാഴ്ചപ്പാടുകൾ മനസ്സിലാക്കുവാൻ ശ്രമിക്കൂ. അവരുമായി സമരസപ്പെട്ടു മുന്നേറുവാനുള്ള മാർഗ്ഗങ്ങൾ തിരയൂ. ഇരുകൂട്ടർക്കും താത്പര്യമുള്ള കാര്യങ്ങളിൽ ആദ്യം തീരുമാനമെടുക്കൂ. മറക്കരുതേ, അവർ നമുക്ക് ഏററവും വേണ്ടപ്പെട്ടവരാണ്. അവർ കൂടിയുണ്ടെങ്കിൽ മാത്രമേ നമ്മുടെ ഈ ജീവിതത്തിനു പൂർണ്ണതയുണ്ടാകൂ.

നാം അവരിൽ കാണുന്ന അപൂർണ്ണത നമ്മുടേതു കൂടിയാണെന്നു തിരിച്ചറിയുമ്പോൾ പരിവർത്തനത്തിന്റെ മണിമുഴക്കം നിങ്ങൾക്കു കേൾക്കുവാനാകും. നമുക്ക് ഒററയ്ക്കൊററയ്ക്ക് ജയിക്കുവാനാവില്ല സുഹൃത്തേ. ഈ നാടകം എന്നും മംഗളകാരിയാണ്. ഇവിടെ ആരും ഒരിക്കലും പരാജയപ്പെടുന്നില്ല, ആരെയും ഒരിക്കലും പരാജപ്പെടുത്തുവാൻ ആർക്കും സാധിക്കുകയുമില്ല. അതിനാൽ വരൂ, നമുക്ക് ഒന്നിച്ച് വിജയിക്കാം. ബന്ധങ്ങൾ സുദൃഢമാക്കുവാനുള്ള ദൃഢ സങ്കല്പം എടുക്കാം. ഏതൊരു കാരണം കൊണ്ടാണെങ്കിലും ഒരു ബന്ധവും അററു പോകുവാൻ ഞാൻ നിമിത്തമാകില്ല എന്നു നമുക്ക് പ്രതിജ്ഞ ചെയ്യാം. പരസ്പരം വെള്ളം തെറിച്ച്, ചിരിച്ചാർത്ത് കടന്നു വരുന്ന ആ കൊച്ചു സ്കൂൾ കുട്ടികളിൽ നിന്നും നമുക്ക് പഠിക്കാം, ബന്ധങ്ങൾ നിലനിർത്തുവാനുള്ള വലിയ പാഠം. ഒരു സ്നേഹവർഷമായി നമുക്കും പരസ്പരം പെയ്തിറങ്ങാം.



# താളുകൾ മറിക്കുമ്പോൾ


വിനയം നിങ്ങളെ കൂടുതൽ വിജയങ്ങളിലേയ്ക്ക് നയിക്കും................................................ ദാദി ജാനകി

ബഹുമാന്യയായ സരസ്വതി ദേവിയുടെ പ്രത്യേകതകൾ....................ബി.കെ. ജഗദീഷ് ചന്ദ്ര ഹസീജ

ജ്ഞാനോദയത്തിൽ നിന്നും ദുഃഖനിവാരണം.............................................ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

ആര് ആർക്ക് അഭയം (കവിത).......................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും.......ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ

ദൈവത്തെ കല്യാണം കഴിച്ചവർ...............................................................പ്രൊ: ശങ്കർ, തിരുവനന്തപുരം

വരൂ, നമുക്ക് പുഞ്ചിരിയോടെ പിൻവാങ്ങാം...............................ഡോ. വത്സലൻ നായർ, മൗണ്ട് ആബു

മനസ്സ് എന്ന മാന്ത്രികൻ......................................................ബി.കെ. ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

ക്ഷണിക്കപ്പെടാത്ത അതിഥികൾ .........................................................ബി.കെ.അനിൽ, തിരുവനന്തപുരം

മാതേശ്വരി (കവിത)..................................................................................... ബി.കെ. ജയരാജ്, മൗണ്ട് ആബു

യുഗം നാലിലും നല്ലൂ കലിയുഗം...........................................................ബി.കെ. സുഭാഷ്, മൗണ്ട് ആബു

ഒരു ചെറിയ കാര്യം...........................................................................ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

മാറുന്ന കാലവും മാറുന്ന ലോകവും (അനുഭവം).........ബി.കെ. രഘുനാഥൻ മാമ്പള്ളി, ചാത്തന്നൂർ

ഈശ്വരീയ സേവനം കേരളത്തിൽ.................................................................................................................



**ബ്രഹ്മ. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

## വിനയം നിങ്ങളെ കൂടുതൽ വിജയങ്ങളിലേയ്ക്ക് നയിക്കും

ആന്തരീക സത്യത്തെ ആധാരമാക്കിയുള്ള വിനയം നമ്മെ ഉന്മേഷ ഭരിതരാക്കുകയും സഹജമായി മുന്നേറുവാൻ സഹായിക്കുകയും ചെയ്യുന്നു. എന്റെ കർമ്മങ്ങളിൽ ഞാൻ സന്തുഷ്ടയാകുമ്പോൾ, അംഗീകാരത്തിന്റെയും പുകഴ്ത്തലിന്റെയും ആഗ്രഹങ്ങളിൽ നിന്നും ഞാൻ മുക്തയാകുന്നു.

## സ്വയം സ്നേഹിക്കുവാനാകുന്നുവെങ്കിൽ മാത്രമേ നിങ്ങൾക്ക് നിങ്ങളോട് ക്ഷമിക്കുവാനാകൂ

സ്നേഹം നമുക്ക് ക്ഷമിക്കുവാനുള്ള ശക്തി നൽകുന്നു. യഥാർത്ഥത്തിൽ നാം നമ്മെ സ്നേഹിക്കുമ്പോൾ മാത്രമേ നമുക്ക് നമ്മോട് ക്ഷമിക്കുവാനാകൂ. അപ്പോൾ മാത്രമേ പഴയ തെററുകളിൽ നിന്നും മുക്തരായി, അവയിൽ നിന്നും പഠം ഉൾക്കൊണ്ട് പുരോഗമിക്കുവാൻ നമുക്ക് കഴിയൂ.

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# ബഹുമാന്യയായ സരസ്വതി ദേവിയുടെ പ്രത്യേകതകൾ

**ബി.കെ. ജഗദീഷ് ചന്ദ്ര ഹസീജ**

മാനവ കുലത്തിന്റെ പിതാവായ പ്രജാപിതാ ബ്രഹ്മാവിനു ശേഷം ലോകമാതാവായ ജഗതാംബാ സരസ്വതിയുടെ സ്ഥാനം അതിന്റേതായ അർത്ഥത്തിൽ പ്രാധാന്യം ഉള്ളതാണ്. യജ്ഞ സ്ഥാപനയ്ക്കായി ജഗതാംബാസരസ്വതി നൽകിയ പവിത്രതയുടെ പാരമ്യത, തപസ്സിന്റെ തീക്ഷ്ണത അതോടൊപ്പം അചഞ്ചലമായ വിശ്വാസം ഇവ എത്ര പുകഴ്ത്തിയാലും മതിയാവില്ല. ജഗതാംബാസരസ്വതിയുടെ മുഖം ദർശിച്ചിട്ടുള്ള ആരോട് വേണമെങ്കിലും ചോദിച്ചു കൊള്ളൂ, പ്രകൃതിയുടെ എന്തൊരു അത്ഭുതമായിരുന്ന ജഗതാംബാസരസ്വതി അദ്ധ്യാത്മീകത തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരാൾ പോലും ആ അമ്മയെ കുറിച്ച് പറഞ്ഞതു കേൾക്കൂ...

'അമ്മേ, അമ്മയുടെ ശീതളഛായ അമ്മയുടെ ആശ്വസിപ്പിക്കുന്ന കരങ്ങൾ! അമ്മേ, അമ്മ ആവശ്യപ്പെടുന്നതെന്തിനും ഞാൻ തയ്യാറാണ് അമ്മ എവിടേയ്ക്ക് എന്നെ കൊണ്ടു പോയാലും ഞാൻ നീലാകാശം മാത്രമാണ് കാണുന്നത്, ഈ ലോകം മറന്നു പോകുന്നു അമ്മേ... ശിവന്റെയും ബ്രഹ്മാവിന്റെയും ജ്ഞാനത്താൽ അലങ്കരിക്കപ്പെട്ട അമ്മയുടെ ഗൗരവം സ്ഫുരിയുന്ന പുഞ്ചിരി ആരുടെയും കണ്ണുനീര് എന്നെന്നേയ്ക്കും ഒപ്പുവാൻ പര്യാപ്തമാണ്.


ആ പവിത്രമായ കണ്ണുകളിൽ നിന്നും സ്ഫുരിക്കുന്ന പ്രകാശ കിരണങ്ങൾ യോഗത്തിന്റെ ചിറകുകളിലേറി അത്യുന്നത ഭാവത്തിലേക്ക് ആരെയും കൊണ്ടു പോകുമായിരുന്നു. അവരുടെ ദിവ്യ വ്യക്തിത്വം ഒരു അഹിംസാ സേനയുടെ സേനാനായകയെ ഓർമ്മപ്പെടുത്തുന്നതായിരുന്നു. ജ്ഞാനത്തിന്റെയും യോഗത്തിന്റെയും സമന്വയത്തിലൂടെ സൗന്ദര്യവും, ദിവ്യത്വവും, ഔചിത്യവും എന്നും അമ്മ നിലനിർത്തിപ്പോന്നു. അമ്മയുടെ സ്പർശത്താൽ തന്നെ വിനാശ ഭാവങ്ങൾ ശാന്തമാകുമായിരുന്നു. ജ്ഞാന രത്നങ്ങൾ മനപ്പാഠമാക്കുന്ന ഒരു പവിത്ര അരയന്നത്തെ പോലെ എല്ലായ്പ്പോഴും കഠിനമായ തപസ്സിലാണ് സന്ദർശകർ അമ്മയെ കണ്ടിട്ടുള്ളത്. അത്ഭുതകരമായ വ്യക്തിത്വമായിരുന്നു അമ്മയുടേത്. അമ്മയുടെ പെരുമാറ്റവും പ്രവൃത്തിയും സുന്ദര സുഗന്ധം പരത്തുന്നതായിരുന്നു. അമ്മയുമായി സംബന്ധത്തിൽ വരുന്നവർ വളരെയധികം നേട്ടം അനുഭവിച്ചിരുന്നു. ദിവ്യമായ വിവേകത്തിനായി ജനങ്ങൾ ജ്ഞാന മാതാവിനോട് പ്രാർത്ഥിക്കുന്നു. അമ്മയുടെ നാവാകുന്ന വീണയിലൂടെ ജ്ഞാനം വിളമ്പിയപ്പോഴൊക്കെ ജനങ്ങൾ സ്വർഗ്ഗീയ ആനന്ദം അനുഭവിച്ചു. അമ്മയുടെ അനുഗ്രഹിക്കപ്പെട്ട കരങ്ങൾ നമ്മുടെ മേൽ സ്നേഹം വർഷിച്ചു. മമ്മയുടെ ജ്ഞാന മടിത്തട്ടിൽ നിന്നും പിറന്ന സന്തതി പരമ്പരകളാണ് നാം. അമ്മ നടന്നപ്പോൾ ഭൂമിയും ആകാശവും ദിവ്യതയാൽ മാറ്റൊലി ക്കൊള്ളുകയായിരുന്നു.

പാതിരാ വിളക്ക തെളിച്ച് പരമപിതാവായ ശിവനെ മാതേശ്വരി ഓർത്തപ്പോൾ ചന്ദ്രനും അതിനു സാക്ഷ്യം വഹിച്ചു. പർവ്വതങ്ങളിൽ ശിവനായി തപസ്സു ചെയ്ത പാർവ്വതി തന്നെയായിരുന്നു അമ്മ. ജ്ഞാനത്തിന്റെയും ഗുണങ്ങളുടെയും കറകളഞ്ഞ സൗന്ദര്യമായിരുന്ന മമ്മ ഗൗരിയും ഹിമരാജപുത്രിയുമായിരുന്നു. അമ്മയെ നേരിട്ട് കണ്ടിട്ടില്ലെങ്കിൽ പിന്നെ ഈ ലോകത്ത് നിങ്ങൾ എന്ത് കണ്ടിരിക്കുന്നു? ആദി ദേവിയായും അംബാജിയായും ഹൗവ്വയായും ലോകം ബഹുമാനിക്കുന്ന അമ്മയെ ഒരു നോക്കു കാണുവാനുള്ള ഏക അവസരമായിരുന്നു അത്. ഞാൻ അമ്മയൊടൊപ്പം ജീവിച്ചിട്ടുണ്ട്, അമ്മയുടെ പാലന അനുഭവിച്ചിട്ടുണ്ട്, ആ ദിനങ്ങൾ എത്ര പ്രത്യേകത നിറഞ്ഞതാണ്. ഇതിലും അധികം ആകർഷയമായ അനുഭവങ്ങൾ സാധ്യമല്ല തന്നെ. അമ്മ ഭാരതത്തിന്റെ അന്തസ്സായിരുന്നു. യോഗിനികളിൽ അത്യുന്നതയായിരുന്നു. തത്വ ചിന്തയേയും മതത്തെയും സമഗ്രതയെയും ജഗദാംബ ചൈതന്യ വത്കരിച്ചു. അമ്മയിലൂടെയല്ലാതെ ഒന്നിനും നിലനില്പ് ഉണ്ടായിരുന്നില്ല. പ്രജാപിതാ ബ്രഹ്മാവിന്റെ മാദ്ധ്യമത്തിലൂടെ പരമാത്മാ ശിവൻ നൽകിയ ഈശ്വരീയജ്ഞാനം അമ്മ കേട്ടിട്ട് യജ്ഞത്തിലെ മററ് കുട്ടികൾക്ക് അത് വിശദീകരിച്ചു കൊടുത്തു. ഞങ്ങളുടെ മുന്നിൽ ജ്ഞാനത്തിന്റെയും യോഗത്തിന്റെയും ഉദാഹരണമായിരുന്നു അമ്മ. യജ്ഞത്തിലെ കുട്ടികളെ പാലിക്കുന്നതിന് അമ്മ നിപുണമായിരുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ ഒപ്പമിരുന്ന് നിത്യേന ആത്മീയ ജ്ഞാനം വിശദീകരിക്കുവാൻ അവർക്ക് അധികാരമുണ്ടായിരുന്നു.

ദുർഗ്ഗയുടെ മൂർത്തിമത് രൂപം പോലെ മാതേശ്വരി യജ്ഞത്തെ സംരക്ഷിക്കുകയും എല്ലാ വിഘ്നങ്ങളെയും അഭിമുഖീകരിക്കുകയും ചെയ്തു. സമൂഹത്തിൽ നിന്നും സർക്കാരിൽ നിന്നുമുള്ള എല്ലാ എതിർപ്പുകളെയും അമ്മ സഹിച്ചു. വ്യത്യസ്ഥ വ്യക്തിത്വമുള്ളവരായിട്ടു പോലും യജ്ഞത്തിലെ കുട്ടികളെ മുന്നേറുവാൻ അമ്മ സഹായിച്ചു, ജ്ഞാനത്തിന്റെ താരാട്ടുപാടി ഓരോരുത്തരേയും വളർത്തി. ആദ്യ ശീതളാ ദേവിയും, സന്തോഷീ മാതാവും, അന്നപൂർണ്ണേശ്വരിയും ആയിരുന്നു. മാലയിലെ പ്രധാനമുത്താകുവാൻ അമ്മ യോഗ്യയാണെന്ന് പ്രജാപിതാ ബ്രഹ്മാവു തന്നെ പറയുമായിരുന്നു. യജ്ഞ മാതാവിന്റെ പദവി നൽകി പൂർണ്ണമായും അദ്ദേഹം അമ്മയെ ബഹുമാനിക്കുകയും ചെയ്തു. അവരെ മുന്നിൽ നിർത്തി, സഹോദരിമാരെയും അമ്മമാരെയും അതുപോലെ മുന്നിൽ നിർത്തുവാൻ അദ്ദേഹം എല്ലാ പുരുഷന്മാരോടും ഉപദേശിക്കുമായിരുന്നു. പലപ്പോഴും അമ്മയുടെ സേവന യാത്രകളിൽ അമ്മയെ യാത്ര അയയ്ക്കുവാൻ ബ്രഹ്മബാബ റെയിൽവേ സ്റ്റേഷൻ വരെ പോകുമായിരുന്നു. എന്റെ ജീവിത കാലത്ത് അമ്പതോളം രാജ്യങ്ങൾ ഞാൻ സന്ദർശിച്ചിട്ടുണ്ട്, അനേകം പണ്ഡിതരായ സ്ത്രീകളെയും സാമൂഹ്യ പ്രവർത്തകരെയും ഭരണാധികാരികളെയും പ്രാസംഗികരെയും ഞാൻ കണ്ടിട്ടുണ്ട്. എന്നാൽ മാതേശ്വരിയുടെ ദിവ്യതയും കുലീനതയും സൗന്ദര്യവും സ്വർഗ്ഗീയമായിരുന്നു. അമ്മയുടെ വിവേകം അതുല്യമായിരുന്നു. മാനവ നിലവാരത്തിലുപരി അമ്മ പവിത്ര അരയന്നങ്ങളുടെ വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ആരുതന്നെ അമ്മയെ കണ്ടാലും, അവർ പാപിയോ, കൊലയാളിയോ, ഭക്തനോ ആയിക്കൊള്ളട്ടെ, അവർ ജഗതാംബയെ അമ്മേ എന്ന് സംബോധന ചെയ്യുമായിരുന്നു.

ധർത്തിയിൽ ജീവിക്കുമ്പോഴും അമ്മ ഈ ലോകത്തിനുപരിയായിരുന്നു. അവരുടെ ആദ്ധ്യാത്മിക ബോധത്തിനും യോഗത്തിന്റെ പ്രകാശത്തിനും കാഴ്ചക്കാരെപ്പോലും ദേഹബോധത്തിന്റെ തലത്തിൽ നിന്നും ആത്മബോധത്തിന്റെ തലത്തിലേയ്ക്ക് ഉയർത്തുവാൻ ആകുമായിരുന്നു. ഒരല്പനേരം മാതേശ്വരിയോടൊപ്പം ചെലവഴിച്ചാൽ തന്നെ ഒരു വ്യക്തിയുടെ നകാരാത്മക സംസ്കാരങ്ങളെല്ലാം അപ്രത്യക്ഷമാകുകയും ഉന്നത സംസ്കാരങ്ങളാൽ നിറയുകയും ചെയ്യുമായിരുന്നു. ഇതായിരുന്നു ഞങ്ങളുടെ ജഗതാംബസരസ്വതി.


അമ്മേ... ഒരു നൂറു തവണ ഞങ്ങൾ അമ്മയെ
വണങ്ങുന്നു...
അമ്മേ, അമ്മയുടെ ശീതളമായ, വരദാനീ
ഹസ്തങ്ങൾ
അമ്മ പറയുന്നതെന്തും ഞങ്ങൾ അംഗീകരിക്കുന്നു
അതിലൂടെ ഞങ്ങൾ അത്യുന്നത
തലങ്ങളിലെത്തുന്നു....



## ചിന്താരത്നം

**സന്തുലനം നിലനിർത്തുന്നവർ ബന്ധങ്ങളിൽ വിജയികളാകുന്നു.**

**ഇന്ന് എല്ലാ കർമ്മങ്ങളിലും സന്തുലനം പാലിക്കും, ഇതിലൂടെ ബന്ധം എങ്ങനെ സഹജമാകുമെന്നും മററുള്ളവരുടെ അനുഗ്രഹം പ്രാപ്തമാകുമെന്നും ശ്രദ്ധിക്കും. അപ്പോൾ ചെയ്യുന്ന എല്ലാ കർമ്മങ്ങളിലും വിജയം അനുഭവം ചെയ്യുകയും ആനന്ദം നിറഞ്ഞ ഒരു ജീവിതം ആസ്വദിക്കുകയും ചെയ്യും.**



# ജ്ഞാനോദയത്തിൽ നിന്നും ദു:ഖനിവാരണം.

ബി.കെ.സുരേന്ദ്രൻ, ബംഗലൂർ

മനുഷ്യനെ പലതരത്തിലുള്ള ദു:ഖങ്ങളാണ് അലട്ടുന്നത്. ദു:ഖശമനത്തിനു വേണ്ടി തീർത്ഥയാത്രകളും, വ്രതങ്ങളും, പൂജകളും, വഴിപാടുകളും, നടത്തുന്നതായിട്ടു കാണാം. ദു:ഖനിവാരണത്തിന് മരുന്നുകൾ ഒന്നും ഇല്ല. ദു:ഖം അജ്ഞാനമാണ്, മരണമാണ് മനുഷ്യ ജീവിതത്തിൽ ഏറ്റവും കൂടുതൽ ദു:ഖമുണ്ടാക്കുന്ന സംഭവം. പരമമായിട്ടുള്ള സത്യങ്ങൾ ഒന്നു ജനനം, പിന്നൊന്നു മരണം. ഈ ലോകത്തുള്ള ജീവജന്തുക്കൾ എല്ലാം മരിക്കുമെന്നുള്ള കാര്യം മനസ്സിലാക്കിയിട്ടുണ്ടെങ്കിലും മരണഭയം മനുഷ്യനെ അലട്ടിക്കൊണ്ടേയിരിക്കും.

ഞാൻ ആത്മാവാണ് ശരീരമല്ല എന്നുള്ള ബോധം നമ്മുക്കുണ്ടാകുമ്പോൾ മരണഭയം ഇല്ലാതാകുകയാണ്. ആത്മാവാണെന്നുള്ള പരമസത്യം എന്റെ ധാരണയിൽ കൊണ്ടുവന്നാലെ ഭയം മാറുകയുള്ളൂ. മറ്റുള്ളവരെയും ആത്മാവാണെന്നുള്ള ബോധത്തിൽ നോക്കുകയും, പെരുമാറ്റത്തിൽ വരുകയും ചെയ്യുമ്പോൾ മൃത്യുഭയം മാറും.

അടുത്ത അറിവ് ഈശ്വരൻ എന്റെ സ്വന്തം അച്ഛനാണ്. പരമാത്മാവ് പരമജ്യോതിസ്വരൂപനാണ്. ഞാനും അച്ഛനെപ്പോലെ ഒരു ജ്യോതിസ്വരൂപനാണ്. ഞാൻ സ്നേഹത്തോടെ ആ പരമപിതാവിനെ ഓർമ്മിച്ചാൽ എന്നോടൊപ്പം ആ അച്ഛൻ കൂട്ടിനുണ്ടായിരിക്കും എന്നുള്ള ബോധം ഉണ്ടായാൽ ഭയം മാറുന്നു. ഇതിനോടൊപ്പം ജന്മ ജന്മാന്തരമായി അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഈശ്വരന്റെ സാന്നിധ്യം അനുഭവിക്കാൻ കഴിയുന്നതും ഇതിൽ നിന്നുണ്ടാകുന്ന അപാര സന്തോഷം ഭയത്തിൽ നിന്ന് നമ്മളെ മുക്തമാക്കുന്നു.

ഈശ്വരൻ വെളിപ്പെടുത്തിയിട്ടുള്ള അറിവിന്റെ മറ്റൊരു മഹത്വപൂർണ്ണമായിട്ടുള്ള അംശമാണ് കർമ്മവും കർമ്മത്തിന്റെ ഫലവും. ആത്മാവാണെന്നുള്ള ബോധത്തിൽ ചെയ്യുന്ന എല്ലാ കർമ്മങ്ങളും സത്കർമ്മങ്ങളാണ് എന്ന് മനസ്സിലാക്കുമ്പോൾ സത്കർമ്മം ചെയ്യാൻ സരളമായിട്ടു സാധിക്കും. സത്കർമ്മം ചെയ്യുന്ന സമയത്തുതന്നെ സന്തോഷവും സമാധാനവും, തൃപ്തിയും ഉണ്ടാകുന്നു. ഇങ്ങനെയുണ്ടാകുന്ന സന്തോഷം നാളത്തെ ഭയഭീതി ഇല്ലാതാക്കുന്നു. നമ്മുടെ ഉജ്ജ്വല ഭാവി ഉണ്ടാക്കുന്നതിനുള്ള കഴിവ് നമുക്കുണ്ടാകുന്നു.

ഈ സൃഷ്ടി ഒരു നാടകശാലയാണെന്ന അറിവ് ഒരു കാഴ്ചക്കാരനെപോലെ എല്ലാ ദൃശ്യങ്ങളും കാണാനും ആസ്വദിക്കാനും നമുക്ക് കഴിവ് നൽകുന്നു. മറ്റുള്ള കളിക്കാരുടെ പ്രവൃത്തികളും, പെരുമാറ്റങ്ങളും നമ്മെ അലട്ടാതെ, ശാന്തചിത്തരായിരിക്കുവാൻ അത് സഹായിക്കുന്നു, ജീവിതം ആസ്വദിക്കാൻ കഴിവുള്ളവരാക്കുന്നു. ഈ കളി പുനരാവർത്തിക്കുകയാണെന്നും, ഈ കളി ശാശ്വതമാണെന്നും, ഈ കളിയിൽ ഉള്ള കളിക്കാരാരും ഒക്കെയും നശിക്കുന്നില്ലെന്നും, ഈ കളിയിൽ ചെയ്തിട്ടുള്ള ഒരു വസ്തുക്കളും നശിക്കുന്നില്ലെന്നും, സമയാനുസൃതമായി അതിന്റെ രൂപവും, നിറവും മാറുന്നതല്ലാതെ മറ്റൊന്നും സംഭവിക്കുന്നില്ലെന്നും ഉള്ള അറിവ് നമ്മെ എന്നും ശാന്തതയുടെ അനുഭവം പ്രദാനം ചെയ്യുന്നു.

വാസ്തവത്തിൽ നമ്മുടെ വീട് പരംധാമമാണ്. ഇതു കളിക്കാനുള്ള വേദിയാണ്, വാസ്തവത്തിൽ നാമെല്ലാം പരദേശികളാണ്. വീട്ടിൽ തിരിച്ചുപോകാൻ സമയമായി. കൊണ്ടുപോകാൻ ഭഗവാൻ വന്നിരിക്കുന്നു. നമ്മുടെ ജീവിതത്തിൽ ഇതൊരു വലിയ നേട്ടമാണ്.

ഈശ്വര സ്മൃതിയിലൂടെ പാപങ്ങൾ ഭസ്മമാകുകയും സന്തോഷം വർദ്ധിക്കുകയും, സർവ്വ ഭയങ്ങളിൽ നിന്നും മുക്തി ലഭിക്കുകയും ചെയ്യുന്നു. ഇപ്രകാരം ജ്ഞാന പ്രാപ്തിയിലൂടെ ഭയമുക്തിയും, ദുഃഖമുക്തിയും ഉണ്ടാകുന്നു.



# ആര് ആർക്ക് അഭയം

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഈശ്വരനാണെനിക്കെല്ലാം എന്നുകരുതുന്നോരും
ചിന്തിക്കുന്നെപ്പോഴും അന്ത്യത്തിൽ ആരാണെനിക്കഭയം
പാവങ്ങൾ അവരറിയുന്നേയില്ല തൻ ജന്മരഹസ്യങ്ങൾ
യാദൃശ്ചികമായി വന്നു ചേരുന്നതേയല്ലയൊന്നും

ജന്മജന്മാന്തരങ്ങളിൽ നിമിഷങ്ങൾ ഒരോന്നും
വന്നുപോകുന്നു മുൻ നിശ്ചയപ്രകാരം പോൽ
വിട്ടുവീഴ്ചകൾ യാതൊന്നുമില്ലാതെ ഓരോ ജന്മത്തിലും
ഭവിക്കേണ്ടതുപോലതു വന്നുചേരും

സദാ നമ്മോടൊപ്പം ഈശ്വരൻ ഉണ്ടെന്നതു സത്യം
എങ്കിൽ എന്തിനായ് കേഴേണമെന്നതോർക്കുക നാം
ഭവിപ്പതെന്തായാലുമത് സ്വീകരിക്കേണമാമോദത്തോടെ
ഈശ്വരനറിയാതെയല്ല ഭവിപ്പതൊക്കെയും

കർമ്മത്തിൻ ഗതിവിഗതികളതു വരുമെന്നതു നിശ്ചയം
കർമ്മഫലത്തോടെയല്ലോ ജന്മമെടുപ്പതും നാമെല്ലാം
ജ്ഞാനത്തിൻ ഊന്നുവടി താങ്ങായ് തീരേണമെന്നും
സാന്ത്വനമായ് തീരണം നാം നമുക്കുതന്നെ

Brahma Kumaris® “Peace of Mind” Global Channel - Info-Edutainment NewsChannel.
No Advertisement..

"Peace of Mind" Channel
FRQ: 4054, POL: H, SYM: 13230, INSAT: 4A
Request Cable Operators today
"C" Band with Mpeg4 Receiver can see FREE LIVE
http://pmtv.in, pmtv@bkmail.org
SMS to 56161 bktv (Your MSG), +91 9960588432, 8104777111



# ഗീതാജ്ഞാനത്തിന്റെ ലക്ഷ്യവും ജ്ഞാനിയുടെ ലക്ഷണവും

ബി.കെ. അരവിന്ദാക്ഷൻ, ആലപ്പുഴ

`KhmëhmN:, ഈശ്വരൻ നേരിട്ട് സംസാരിക്കുന്ന എന്നു പറയുന്ന ഏക ധർമ്മഗ്രന്ഥം ശ്രീമദ്ഭഗവദ് ഗീതയാണ്. 'സകലവേദസാര സംഗ്രഹം' എന്ന് ശ്രീ ശങ്കരഭഗവദ്പാദർ തന്നെ ഭഗവദ്ഗീതയെ വാഴ്ത്തിയെന്ന് പറയുമ്പോൾ ഈ മഹത്ഗ്രന്ഥത്തിന് മറ്റൊരു പ്രശസ്തിപത്രം ആവശ്യമില്ല. ഐൻസ്റ്റിനെ പ്പോലുള്ള സയന്റിസ്റ്റുകളെയും ഗാന്ധിജിയെപ്പോലുള്ള മഹാത്മാക്കളെയും സ്വാമി വിവേകാനന്ദനെ പ്പോലുള്ള ക്രാന്തദർശികളെയും സ്വാധീനിച്ചു എന്നല്ല, അവരുടെ ജീവിതംപോലും കരുപ്പിടിപ്പിച്ച ഈ മഹത്ഗ്രന്ഥം ലോകത്തിലെ ബുദ്ധി ജീവികളെയും സാധാരണ ക്കാരെയും ഒരുപോലെ അന്നും ഇന്നും ആകർഷിച്ചു കൊണ്ടിരിക്കുന്നു. ഗീതയെപ്പറ്റിയുള്ള ഒരു (തെറ്റി) ധാരണ നീക്കി ഗീതയെ സമീപിച്ചാൽ മാത്രമേ ഗീത ഉദ്ദേശിക്കുന്ന പരിവർത്തനം നമ്മുടെ ജീവിതത്തിൽ കൊണ്ടുവരാൻ സാധിക്കൂ. യുദ്ധത്തിന് അറച്ചുനിന്ന അർജ്ജുനനെകൊണ്ട് യുദ്ധം ചെയ്യിപ്പിക്കുവാനായി ശ്രീകൃഷ്ണൻ നൽകിയ ഉപദേശങ്ങളാണ് ഭഗവദ്ഗീത യെന്നാണ് പൊതുവിലുള്ള വിശ്വാസം. അതിഗഹനമായ ഗീതാശാസ്ത്രം ഒറ്റനിൽപ്പിൽ ഒരു വ്യക്തി മറ്റൊരു വ്യക്തിക്ക് നൽകിയതാകാൻ വഴിയില്ല എന്ന് സ്വാമി വിവേകാനന്ദനെപ്പോലുള്ളവർ അഭിപ്രായപ്പെട്ടിട്ടു ണ്ടെങ്കിലും പൊതുവിൽ ഒരു യുദ്ധപ്രേരണാക്കുറ്റം പലരും ഗീതയുടെ നേരെ ആരോപിക്കുന്നുണ്ട്. എന്നാൽ ഗീതയിലൂടെ കടന്നുപോകുന്ന ആർക്കും 'അഹിംസാ പരമോധർമ്മം' എന്ന ഭാരതീയ വേദ-ഉപനിഷത്തുകളുടെ ആന്തരികത്തുടിപ്പ് ഗീതയിൽ സുലഭമായി ദർശിക്കുവാൻ സാധിക്കും. അഹിംസ യുടെ ആചരണത്തിന് ഗീത നൽകുന്ന പ്രേരണ അതിന്റെ ഉച്ചസ്ഥായിയിൽ നമുക്ക് കാണുവാൻ സാധിക്കും. ഹിംസയുടെ ഈ കാലഘട്ടത്തിൽ അഹിംസാ സിദ്ധാന്തം ലോകത്തിൽ പ്രചരിപ്പിച്ച ഗാന്ധിജി യുടെ കരുത്ത് ഗീതയായിരുന്നുവെന്ന് ആരും മറക്കരുത്. ഗീതയുടെ ഓരോ അദ്ധ്യായവും സമാപിക്കുന്നത് 'യുദ്ധ ശാസ്ത്രം' എന്ന് പറഞ്ഞല്ല, പകരം 'യോഗ ശാസ്ത്രം' എന്ന് പറഞ്ഞാണ്.

ഗീത യോഗ ശാസ്ത്രമാണ്. അത് ഭക്തി യോഗത്തിന്റെയും ജ്ഞാന യോഗത്തിന്റെയും കർമ്മ യോഗത്തിന്റെയും സമന്വയമായ രാജയോഗത്തിന്റെ ശാസ്ത്രമാണ്. സുഖ ദു:ഖത്തിലും, മാനാപമാനത്തിലും കുലുങ്ങാത്ത, പതറാത്ത സദാ സന്തുഷ്ടരായ, നിർഭയരായ, ധർമ്മാ ചാരിയായ വികസിത മനുഷ്യനെ വാർത്തെടുക്കു വാനായി ജഗദീശ്വരനായ ഭഗവാൻ മാനവകുലത്തിനു നൽകിയ മഹോന്നത ജീവിതശാസ്ത്രമാണ് ഗീത. 'ദു:ഖ സംയോഗവിയോഗം യോഗം' എന്ന് ഗീതയിൽ യോഗത്തിന് ഒരു വ്യാഖ്യാനമുണ്ട്. അതായത് ദു:ഖത്തോട് ചേർന്നിരിക്കുന്ന മനസ്സിനെ അതിൽ

നിന്നും വിടർത്തുന്നതാണ് യോഗം. കരയാത്ത ഒരു ജനത ഭാരതത്തിൽ ഉണ്ടായിരുന്നു. ഭാരതീയർ ആരാധിക്കുന്ന ദേവതകളുടെ ചിത്രങ്ങളിൽ ആരുടെ മുഖത്തും ദു:ഖമോ വിഷാദമോ ദർശിക്കുവാൻ സാധിക്കില്ല. എന്നാൽ കാലപ്രവാഹത്തിൽ സ്വന്തം ധർമ്മത്തിന്റെയും പൈതൃകത്തിന്റെയും ജന്മങ്ങളുടെയും മഹത്വം മറന്ന് ആ ജനത തന്നെ കരയുന്നവരായി മാറിയപ്പോൾ, ആ വിഷാദമഗ്നരായവരുടെ കണ്ണീരൊപ്പുവാനാണ് ഭഗവാൻ അവതരിക്കുന്നതും ഗീതാജ്ഞാനം നൽകുന്നതും. ആവശ്യത്തിലേറെ പുസ്തകജ്ഞാനമുണ്ടെങ്കിലും ജീവിതമാകുന്ന പോർക്കളത്തിൽ എന്തു ചെയ്യണമെന്നറിയാതെ, ധർമ്മവും കർമ്മവും സമന്വയിപ്പിക്കാനറിയാതെ വിഷാദമഗ്നരായിരിക്കുന്ന ഒരു ജനതയുടെ ചിന്താക്കുഴപ്പമില്ലാതാക്കി, അവരെ കർമ്മധീരൻമാരും, കരയാത്തവരുമാക്കി മാറ്റുകയാണ് ഗീതയുടെ ലക്ഷ്യം. അർജ്ജുനന്റെ വൈരുദ്ധ്യാത്മകമായ അവസ്ഥയും ജ്ഞാനത്തിന്റെ ലക്ഷ്യവും വ്യക്തമാക്കുന്ന രണ്ടാം അദ്ധ്യായത്തിലെ 11-ാം ശ്ലോകത്തിലാണ് യഥാർത്ഥത്തിൽ ഗീത ആരംഭിക്കുന്നതുതന്നെ.

‘അശോച്യാനന്വശോചസ്ത്വം
പ്രജ്ഞാവാദാംശ്ച ഭാഷസേ
ഗതാസൂനഗതാസൂംശ്ച
നാനുശോചന്തി പണ്ഡിതാ:’

(നീ ദു:ഖിക്കപ്പെടേണ്ടവരല്ലാത്തവരെക്കുറിച്ച് ദു:ഖിക്കുന്നു, ജ്ഞാനികളുടെ മട്ടിൽ സംസാരിക്കുകയും ചെയ്യുന്നു. യഥാർത്ഥ ജ്ഞാനികൾ ജീവിച്ചിരിക്കുന്നവരെ ക്കുറിച്ചോ, മരിച്ചുപോയവരെക്കുറിച്ചോ ഓർത്ത് കരയില്ല)

അതേ, ഗീത ആവർത്തിച്ച് പ്രഖ്യാപിക്കുന്നതിതാണ് കരയരുത്, പകരം ധീരനായിരിക്കുക! സമചിത്തനായിരിക്കുക!!

(തുടരും)

# ദൈവത്തെ. കല്യാണം കഴിച്ചവർ



**സമ്പാദനം: പ്രൊ: ശങ്കർ, തിരുവനന്തപുരം**

ഒരു കടയിൽ നിന്നും സാധനങ്ങൾ വാങ്ങിക്കൊണ്ടിരുന്ന ഒരു വ്യക്തിയ്ക്ക് നെഞ്ചുവേദന അനുഭവപ്പെട്ടു. അബോധാവസ്ഥയിലായ അയാളെ ആ കടയിലെ ജോലിക്കാരൻ ഉടനടി അടുത്തുള്ള ഒരു ആശുപത്രിയിൽ എത്തിച്ചു. സ്വബോധം വന്നപ്പോൾ, താനൊരു കത്തോലിക്കാ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ഒരു ഓപ്പറേഷന് വിധേയനാകുകയും ചെയ്തതായി അയാൾ മനസ്സിലാക്കി. അല്പ സമയം കഴിഞ്ഞപ്പോൾ ഒരു കന്യാസ്ത്രീ, കുറേ ഫോമുകൾ അടങ്ങിയ ഒരു ഫയലും പേനയുമായി അയാളുടെ മുന്നിൽ വന്നിരുന്നു.

ആ സഹോദരി ചോദിച്ചു- താങ്കളുടെ ചികിത്സയ്ക്ക് ചെലവായ പണം എങ്ങനെ കൊടുക്കുവാനാണ് ഉദ്ദേശിക്കുന്നത്?

അയാൾ ഒന്നും മിണ്ടിയില്ല.

കന്യാസ്തീ : താങ്കൾക്ക് മെഡിക്കൽ ഇൻഷ്വറൻസ് ഉണ്ടോ?

അയാൾ - (അവശതയോടെ) ഇല്ല

കന്യാസ്തീ : ബാങ്കിൽ ഏതെങ്കിലും നിക്ഷേപം?

അയാൾ : ഇല്ല

കന്യാസ്തീ : സഹായിക്കുന്ന ആരെങ്കിലും ബന്ധുക്കൾ ?

അയാൾ: എനിക്ക് വിവാഹം കഴിക്കാത്ത ഒരു സഹോദരിയുണ്ട്. പക്ഷേ, അവർ ഒരു കന്യാസ്ത്രീയാണ്.

മറുപടി കേട്ട ആ കന്യാസ്തീ അല്പം അലോസരത്തോടെ : കന്യാസ്ത്രീകൾ കല്യാണം കഴിയാത്തവരല്ല. അവർ കല്യാണം കഴിച്ചവരാണ്, ദൈവത്തെ.

ഒരു ചെറുപുഞ്ചിരിയോടെ അയാൾ : എങ്കിൽ, ചികിത്സയുടെ ബില്ലുകൾ എന്റെ സഹോദരിയുടെ ഭർത്താവിന് അയച്ചുകൊടുത്തേയ്ക്കൂ.

# വരൂ, നമുക്ക് പുഞ്ചിരിയോടെ പിൻവാങ്ങാം...



ഡോ. വത്സലൻ നായർ, മൗണ്ട് ആബു

പലരുടെയും പല കഥകളും കേൾക്കുവാനും അതിൽ നിന്ന് പാഠം ഉൾക്കൊള്ളുവാനും ഭാഗ്യമുള്ള ഒരു ജന്മമാണ് ഞങ്ങൾ ഡോക്ടർമാരുടേത്. പല കഥകളും കേൾക്കുമ്പോൾ തോന്നാറുണ്ട്, ഒരല്പം കൂടി പരിശ്രമിച്ചിരുന്നെങ്കിൽ ഇവർക്ക് വിജയക്കൊടി പാറിക്കാമായിരുന്നു. പലരും വിജയത്തിന്റെ തൊട്ടടുത്തു വച്ചാണ് പരാജയപ്പെട്ടു പിന്മാറുന്നതായി കാണുന്നത്. നിങ്ങൾക്ക് ചിലപ്പോൾ അതിശയം തോന്നിയേക്കാം, അഥവാ ഇങ്ങനെയും പ്രതികരിച്ചേക്കാം, "അറിഞ്ഞു കൊണ്ട് ഞങ്ങൾ പരാജയപ്പെടുമോ? ഞങ്ങളാൽ ആകുന്നതെല്ലാം ചെയ്തിട്ടും ഫലമൊന്നും കിട്ടാത്തതു കൊണ്ടല്ലേ ഞങ്ങൾ പിന്മാറിയത്?". നിങ്ങളുടെ വികാരത്തോട് തീർച്ചയായും ഞാനും യോജിക്കുന്നു. അതോടൊപ്പം ഒരു കാര്യം ഓർമ്മിപ്പിക്കട്ടെ. നാം ഈ ലോകത്തിലേയ്ക്ക് വന്നപ്പോൾ മറ്റെല്ലാവരും ചിരിക്കുകയായിരുന്നു, നമ്മൾ കരയുകയും. ഈ ലോകത്തിൽ നിന്നും തിരിച്ചു പോകുമ്പോൾ ഒരിക്കലും അങ്ങനെയാകരുത്. ഒരു പുഞ്ചിരിയോടെ നമുക്ക് പിൻവാങ്ങുവാനായാൽ... അതിനെന്താണ് മാർഗ്ഗം? നമുക്കു നോക്കാം.

ഇതിനായി നമുക്ക് ഒരല്പം കൂടി പരിശ്രമം ചെയ്യേണ്ടിയിരിക്കുന്നു. മഹാത്മാക്കളെ സാധാരണക്കാരിൽ നിന്നും വ്യത്യസ്തരാക്കുന്നത് ഈ ചെറിയ, അധിക പരിശ്രമം തന്നെയാണ്. നമുക്കു വേണ്ടി, നമ്മുടെ സഹോദരർക്കു വേണ്ടി, നമ്മുടെ സമൂഹത്തിനു വേണ്ടി, രാജ്യത്തിനു വേണ്ടി, മുഴുവൻ ലോകത്തിനും വേണ്ടി നമുക്ക് ഇതു ചെയ്തേ മതിയാകൂ. പറഞ്ഞെങ്കിൽ മാത്രം ഒരു കാര്യം ചെയ്യുന്നവരുണ്ട്, പറയാതെ തന്നെ അറിഞ്ഞു ചെയ്യുന്നവരുമുണ്ട്, പറഞ്ഞിട്ടും ചെയ്യാത്തവരുമുണ്ട്. നമുക്ക് ഇതിൽ നിന്നും ഒന്നു തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. അപ്പോൾ അതനുസരിച്ചുള്ള ഫലവും നമ്മെ തേടിയെത്തും. വിധിയെന്നും, ദൗർഭാഗ്യമെന്നും പറഞ്ഞ് അലമുറയിട്ടിട്ടും പരിഭവം പറഞ്ഞിട്ടും കാര്യമില്ല. വിധി പൂർവ്വം കർമ്മങ്ങൾ ചെയ്യുമ്പോൾ വിധി നമുക്ക് അനുകൂലമാകും. ദൃഢമായ നിർണ്ണയ ശക്തിയുടെ ആധാരത്തിൽ ഭാഗ്യരേഖ മാററി വരയ്ക്കുവാൻ നമുക്കാകും. ആരും ഒരിക്കലും മഹാന്മാരായല്ല ജനിക്കുന്നത്. നമ്മുടെ വാക്കുകളെക്കാൾ നമ്മുടെ കർമ്മങ്ങൾ നമുക്കുവേണ്ടി സംസാരിക്കുമ്പോൾ വിജയം നമ്മോടൊപ്പം നൃത്തമാടും. നിശ്ചിത പേർക്കു മാത്രമല്ലേ വിജയികളാകുവാനാകൂ എന്നു കരുതിയിരിക്കുന്നവർക്കായി സ്വയം ഭഗവാൻ അരുളിയ മഹാവാക്യമാണ്, "തീവ്ര പുരുഷാർത്ഥം ചെയ്യുന്നവർക്കായി ഞാൻ 108 മണികൾക്കിടയിൽ ചെറുമാലകൾ കോർക്കും." അതായത് ജീവിത വിജയത്തിന്റെ അത്യുന്നതങ്ങളിലെത്തുവാൻ നമുക്കെല്ലാവർക്കും സാധിക്കും. ഒരല്പം അധിക പരിശ്രമം ചെയ്യണം, ഒരിക്കലും പിൻവാങ്ങരുത്, പരാജയങ്ങളിൽ നിന്നും പാഠം ഉൾക്കൊണ്ട് മുന്നേറണം – ഇത്രമാത്രം ചെയ്താൽ മതി.

ഈ ലോകത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടവരാണ് നമ്മൾ, ഈ ലോകത്തെ നയിക്കേണ്ടവരാണ് നമ്മൾ, നിങ്ങളുടെ പ്രത്യേക മേഖലയിലെ ഏററവും സമൃദ്ധനും നിങ്ങൾ തന്നെയാണ്. ഈ ലോകത്തിലെ ഏററവും വലിയ ധനികനാകേണ്ടതും, പുതുമയുടെ പുത്തൻ വഴികളിലേയ്ക്ക് ഈ ലോകത്തെ നയിക്കേണ്ടതും നിങ്ങൾ തന്നെ. നിങ്ങളുടെ സ്ക്കൂളിലെ ഏററവും നല്ല വിദ്യാർത്ഥിയും, നിങ്ങളുടെ കമ്പനിയിലെ ഏററവും സമർദ്ധനായ തൊഴിലാളിയും നിങ്ങൾ തന്നെ. ഈ ലോകം കാത്തിരിക്കുന്ന അടുത്ത ഏററവും വലിയ മഹാത്മാവും, പുനരുത്ഥാരകനും നിങ്ങൾ തന്നെ. അതെ സുഹൃത്തേ, നിങ്ങളിലെ യഥാർത്ഥ നിങ്ങളെ തന്നെയാണ് ഈ ലോകം കാത്തിരിക്കുന്നത്. എനിക്കറിയാം, നിങ്ങളാൽ ആവുന്നതെല്ലാം ചെയ്യുവാൻ എന്നും നിങ്ങൾ തയ്യാറാണ്. ഒരല്പം അധിക പരിശ്രമം, അതു നിങ്ങൾക്കു ചെയ്യുവാനാകും. നിങ്ങൾക്കു മാത്രമേ യഥാർത്ഥത്തിൽ അതിനാകൂ. നിങ്ങളുടെ ഉള്ളിൽ അതിനുള്ള ഊർജ്ജം ഇനിയും ബാക്കിയുണ്ടെന്ന് എനിക്കുറപ്പുണ്ട്.

നിങ്ങളെപ്പോലെ ഒരാൾ മാത്രമേ ഈ ലോകത്തുള്ളൂ. നിങ്ങൾ എത്ര സൗഭാഗ്യശാലിയാണെന്നു നോക്കൂ. നിങ്ങളുടേതായ രീതിയിൽ, നിങ്ങളെ വെല്ലാൻ ആർക്കുമാവില്ല. അധിക പരിശ്രമത്തിലൂടെ നിങ്ങളിലെ നിങ്ങളെ പൂർണ്ണമായും പുറത്തെടുക്കുക മാത്രം ചെയ്താൽ മതി.

അധിക സമയം മാററി വച്ച്, അധിക പരിശ്രമം ചെയ്ത് ഈ വരികൾ വായിച്ചതിന് നന്ദി. ഈ പ്രത്യേകതയാണ് നിങ്ങളെ വ്യത്യസ്തനാക്കുന്നതും. നിങ്ങൾക്ക് തീർച്ചയായും പുഞ്ചിരിയോടെ മടങ്ങുവാനാകും.



# മനസ്സ് എന്ന മാന്ത്രികൻ

ബി.കെ. ജനാർദ്ദന ഉണ്ണിത്താൻ, മാവേലിക്കര

പൗരാണികകാലത്തും ആധുനികകാലത്തും മനസ്സെന്ന അത്ഭുതത്തെപറ്റി ധാരാളം പഠനങ്ങൾ നടന്നിട്ടുണ്ട്. ഇന്നും അതിന്റെ ആശയങ്ങൾ പരസ്പര വിരുദ്ധമായി നിലകൊള്ളുന്നു. എന്നാൽ പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിലൂടെയുള്ള അറിവിനെ പ്രായോഗിക തലത്തിൽ ഉപയോഗിക്കുമ്പോൾ ലഭിക്കുന്ന അനുഭൂതി അർത്ഥശങ്കയ്ക്കിടമില്ലാത്ത സത്യമായി അവശേഷിക്കുന്നു. ഒരു ഭൗതീക ആറ്റത്തിൽ അടങ്ങിയിരിക്കുന്ന ഇലക്ട്രോൺ, പ്രോട്ടോൺ, ന്യൂട്രോൺ ഇവ പരസ്പരം ഒന്ന് മറ്റൊന്നിനെ ഗർഭം ധരിക്കുന്നതുപോലെ ആത്മാവെന്ന spiritual ആറ്റത്തിലുള്ള മൂന്നു ഘടകങ്ങളാണ് മനസ്സ്, ബുദ്ധി, സംസ്ക്കാരം. ഇവ മൂന്നും സംയുക്തമായിരിക്കുന്നത് ആത്മാവിലാണ്. അതാണ് നാം ഓരോരുത്തരും. ഈ ദേഹമെന്ന വാഹനത്തെ നയിക്കുന്ന ഒരു spiritual energy. ഇതിൽ ആത്മാവിന്റെ ചാലക ശക്തിയാണ് മനസ്സ്. മനസ്സിൽ നിമിഷ നിമിഷം സങ്കൽപ്പങ്ങൾ രചിക്കപ്പെടുന്നു. അതനുസരിച്ച് മനസ്സ് നിമിഷാർത്ഥംകൊണ്ട് ഭൗതീകപ്രപഞ്ചത്തിൽ എവിടേക്കും, ഭൗതീക പ്രപഞ്ചത്തിനുപരിയും യാത്ര ചെയ്യുന്നു. മനസ്സെന്ന കുതിരയെ നിയന്ത്രിക്കുന്ന ശക്തിയാണ് ബുദ്ധിയാകുന്ന കടിഞ്ഞാൺ. മനോസങ്കൽപ്പങ്ങളെ ഒരു പരിധിവരെ ബുദ്ധി നിയന്ത്രിക്കുന്നതിനാൽ മനുഷ്യൻ വലിയ ആപത്തുകളിൽ കുടുങ്ങാതെ രക്ഷപെടുന്നു. ആധുനിക മനുഷ്യജീവിതത്തിൽ എവിടെയും മത്സരമായതിനാൽ വിജയം ലക്ഷ്യമാക്കുന്ന മനുഷ്യൻ അനിയന്ത്രിതമായ സങ്കല്പങ്ങൾക്കടിമയാവുകയും അതിൽ അസൂയ, കുശുമ്പ്, വൈരാഗ്യം, വെറുപ്പ്, പ്രതികാരം മുതലായവ കലർത്തുകയും ചെയ്യുമ്പോൾ അവ മാരകമായ ഒരു ആറ്റോമിക് മിസൈലിനു സമാനം മനസ്സിൽ നിന്നും തൊടുത്തു വിട്ടുകൊണ്ടിരിക്കും. ഈ സങ്കല്പങ്ങൾ ആദ്യം തനിക്കു ചുറ്റും ഒരു വലയം തീർക്കുകയും ലക്ഷ്യം ഭേദിക്കുകയും ചെയ്യുന്നു. അത് രണ്ടു കൂട്ടരുടെയും മനസ്സ് അശാന്തമാക്കുന്നു. അനേകം സങ്കല്പങ്ങൾ തൊടുത്തു വിടാനുള്ള അധിക ഊർജ്ജം ആത്മാവു ചെലവിടുന്നതിനാൽ നിരാശ, ഭയം ,ഉത്ക്കണ്ഠ, ക്ഷീണം, വിഷാദം മുതലായവയിലൂടെ ക്രമേണ പല രോഗങ്ങൾക്കും

അടിമപ്പെടുന്നു. മനുഷ്യ ജീവിതത്തിൽ ഏറ്റവും മൂല്യമുള്ളതാണ് സങ്കല്പം. പ്രപഞ്ചത്തിൽ നടക്കുന്ന തെന്തും ഒരു മനസ്സിൽ രൂപംകൊള്ളുന്ന സങ്കല്പ മാണ്. ഒരു യുദ്ധം പോലും ആദ്യം ഒരു മനുഷ്യ മനസ്സിലാണ് രൂപം കൊള്ളുന്നത്. മനസ്സ് മനുഷ്യന്റെ ബന്ധുവാണ്, അതുപോലെ ശത്രുവും. മനസ്സിനെ ജയിക്കാൻ കഴിയുന്ന വ്യക്തിക്കു പ്രപഞ്ചത്തെ ജയിക്കാൻ കഴിയും. മനസ്സിന്റെ സങ്കല്പങ്ങളെ സദാ ക്രിയാത്മകമാക്കി അവയ്ക്കു ദിശാ നിർദ്ദേശം നൽകുന്നതിൽ വിജയിച്ചവർ ജീവിത വിജയം കൈവരിച്ച ലോകോപകാരികളാണ്. ഭാരതീയ ഋഷികൾ മനസ്സിനെ നിയന്ത്രിക്കുന്നതിനും മറ്റും ധാരാളം യോഗ ശാസ്ത്രങ്ങൾ രചിച്ചിട്ടുണ്ട്. മനസ്സിനെ നിയന്ത്രിക്കാൻ കഴിയാത്ത ജീവിതം ദുഃഖപൂർണ്ണവും പരാജയവും ആയിരിക്കും. മനസ്സിനെ ഏതെങ്കിലുംഒന്നിലേക്ക് ഏകാഗ്രമാക്കിയോ സങ്കല്പ രഹിതമായോ അല്പസമയം ഇരിക്കുവാൻ നിർദ്ദേശി ക്കാറുണ്ട്. എന്നാൽ അതിൽ കൂടി അല്പസമയ ത്തേക്ക് ആത്മാവിൽ ഊർജ്ജനഷ്ടം കുറയ്ക്കാം എന്നല്ലാതെ മറ്റു പ്രയോജനമൊന്നുമില്ല. ദുർബല മായ മനസ്സാണ് കൂടുതൽ വ്യർത്ഥ സങ്കല്പങ്ങളിലൂടെ തരളിതമാകുന്നത്. മനസ്സിനെ അല്പസമയത്തേക്ക് ഈശ്വരൻ എന്ന മഹാശക്തിയുമായി ബന്ധിപ്പി ക്കാൻ കഴിഞ്ഞാൽ ആത്മാവ് ചാർജ്ജ് ആകും. കാരണം ഈശ്വരൻ എന്ന പരമാത്മാവ് സുപ്രീം എനർജ്ജിയാണ്. സ്പിരിറ്റ്ചൽ എനർജ്ജിയും (ആദ്ധ്യാത്മിക ഊർജ്ജം) സുപ്രീം എനർജ്ജി യും(പരമമായ ഊർജ്ജം) തമ്മിലുള്ള യോജിക്ക ലിനെയാണ് രാജയോഗം എന്നുപറയുന്നത്. ആത്മാവിനെ ചാർജ്ജ് ചെയ്യുവാൻ ഇഹത്തിലൊ പരത്തിലൊ മറ്റൊന്നിനും സാധ്യമല്ല. ഗീതയിലും ഭഗവാൻ പറയുന്നത് അർജ്ജുനന്റെ ചഞ്ചലമായ മനസ്സിനെ തന്നിൽ അർപ്പിക്കൂ എന്നാണ്. നിത്യേനയുള്ള അല്പസമയത്തെ അഭ്യാസം കൊണ്ട് ഇതു സാധ്യമാകും. മനസ്സ് പരമാത്മാവിൽ അല്പ സമയത്തേ ക്കെങ്കിലും ഉറയ്ക്കുമ്പോൾ ലൈനിലൂടെ കറണ്ട് വരുന്നതു പോലെ സർവ്വഗുണങ്ങളുടെയും ശക്തി കളുടെയും പ്രവാഹം നമ്മളിലേക്കുണ്ടാവുകയും അവർണ്ണനീയമായ ആത്മ അനുഭൂതി ഉണ്ടാവുകയും ചെയ്യും. ഉറച്ച വിശ്വാസത്തിലൂടെ ഇത് ദിവസവും അഭ്യസിക്കുമ്പോൾ ശ്വാസോച്ഛ്വാസത്തിന്റെ വേഗത കുറയുന്നതു കൊണ്ട് വിശ്രമത്തിന്റെയും സംതൃപ്തി യുടേയും അനുഭവം ഉണ്ടാകും. കൂടാതെ രക്തത്തിലെ ലാക്റ്റിക് അമ്ളത്തിന്റെ അംശം താഴോട്ട് വരുന്ന തിനാൽ സമ്പൂർണ്ണ ശാന്തിയും സമാധാനവും അനു ഭവപ്പെടുന്നു. ബി.പി. സാധാരണമാവുകയും നാഡി യിടുപ്പ് കുറയുകയും ചെയ്യുന്നു. ക്രമേണ തന്നിലെ ഭയം, നിരാശ, മടി, അലസത എല്ലാം വിട്ടു പോകുന്നു. രാജയോഗത്തിൽ ചിന്തകളെ സദാ പോസിറ്റീവ് ആക്കി മാറ്റുന്നതിനാൽ ഒരിക്കലും ദുഃഖം ഉണ്ടാവുക യില്ല. മനഃശാന്തിയും സന്തോഷവും നിറഞ്ഞ ആരോഗ്യ കരമായ ജീവിതം നമുക്ക് സ്വയം രചിക്കാം. ശ്രദ്ധിക്കൂ– മനുഷ്യന്റെ സങ്കല്പങ്ങളിൽ ക്രിയേറ്റീവ് എനർജ്ജി (ക്രിയാത്മക ഊർജ്ജം) ഉണ്ട്. അത് അവരുടെ ജീവിതത്തിൽ സർവ്വതോന്മുഖമായ ഉന്നതിക്കോ സർവ്വനാശത്തിനോ കാരണമാ കും. ഓരോ സങ്കല്പവും സൂക്ഷിച്ച് ചെയ്യൂ. സങ്കല്പം ശരീരത്തിലെ കോശങ്ങളിൽ അമിത പ്രഭാവം ചെലുത്തുന്നതിനാൽ അതനുസരിച്ച് മഹാരോഗങ്ങളെ സുഖപ്പെടുത്താനോ മഹാരോഗ ങ്ങൾക്കടിമയാകാനോ വഴി തുറക്കുന്നു. ഓരോ സങ്കല്പവും തനിക്കും മറ്റുള്ളവർക്കും പ്രകൃതിക്കും ഉപകാരപ്രദമായതു മാത്രമാകട്ടെ. ഈ ഭൂമണ്ഡല ത്തിലെ കുറച്ചുപേരെങ്കിലും ശുഭസങ്കല്പധാരിക ളായാൽ ഈ ഭൂമണ്ഡലം നമുക്ക് സ്വർഗ്ഗമാക്കാം. വന്നാലും, ഈ കലിയുഗമാകുന്ന ദുഃഖപർവ്വം സങ്കല്പമാകുന്ന ഓരോ ചെറുവിരൽ കൊടുത്ത് മാറ്റി നമുക്കൊന്നിച്ച് ഇവിടം വീണ്ടും ദേവീദേവത കളുടെ നാടാക്കാം. അതുകൊണ്ട് സദാ ശുഭ സങ്കല്പമസ്തു.


**മലയാളത്തിലെ ആദ്യ ആദ്ധ്യാത്മിക ഇ-മാഗസിനായ ഹവിസ്സ് തനതായ കലാസൃഷ്ടികൾ ക്ഷണിക്കുന്നു**

ഒരു പേജിൽ കൂടാത്ത ലേഖനങ്ങൾ, കവിതകൾ, കഥകൾ... എന്നിവ മലയാളത്തിൽ ടൈപ്പ് ചെയ്ത് havissmonthly@gmail.com എന്ന വിലാസത്തിൽ അയക്കുക.

# ക്ഷണിക്കപ്പെടാത്ത അതിഥികൾ

ബി.കെ. അനിൽ, തിരുവനന്തപുരം

അതിഥി ദേവോ ഭവഃ – തൈത്തിരീയോപനിഷത്തിലെ ആതിഥ്യമര്യാദയുടെ ഈ ആശയം നാമോരോരുത്തരും ജീവിതത്തിൽ പകർത്തേണ്ട ഒന്നാണ്. എന്നാൽ ചില അവസരങ്ങളിൽ ഒരു പക്ഷേ ഇത് പാലിക്കുന്നത് പ്രയാസമായേക്കാം. കാരണം, ചില അവസരങ്ങളിൽ, നമ്മുടെയടുത്ത് ക്ഷണിക്കപ്പെടാത്ത ചില അതിഥികൾ വരും. ആ അതിഥികൾ നമ്മുടെ മനസ്സിനെ മലിനമാക്കും. സ്മൃതിയും ഭാവനയുമെല്ലാം ദുഷിപ്പിക്കും. അധർമ്മത്തിന്റെ അനുയായികളായ ആ അതിഥികൾ ആരെന്നല്ലേ?

മനുസ്മൃതിയിൽ പത്ത് രീതിയിലുള്ള അധർമ്മങ്ങളെക്കുറിച്ച് പരാമർശിക്കുന്നു. അധർമ്മമെന്നാൽ ചെയ്തുകൂടാത്ത കൃത്യങ്ങൾ എന്ന് പറയാം. ശാരീരികവും വാചികവും മാനസികവുമായ അധർമ്മങ്ങളെപ്പറ്റി സ്മൃതി പറയുന്നു. വാചികമായ അധർമ്മം മുഖ്യമായും നാല് പ്രകാരത്തിലാണുള്ളത്.

പാരുഷ്യമനൃതം ചൈവ
പൈശൂന്യം ചാപിസർവ്വശഃ
അസംബന്ധ പ്രലാപശ്ച
വാങ്മയം സ്യാച്ചതുർവ്വിധം(മനുസ്മൃതി)

പാരുഷ്യം, അനൃതം, പൈശൂന്യം, അസംബന്ധ പ്രലാപം, പാരുഷ്യമെന്നാൽ ദുഷിച്ചതും മനസ്സിനെ നൊമ്പരപ്പെടുത്തുന്നതുമായ വാക്കുകളുടെ പ്രയോഗം. അനൃതമെന്നാൽ അസത്യം. പൈശൂന്യമെന്നാൽ തീരാപ്പകയോടെ ഏഷണി പറയുന്നത്, ദുർവ്വാക്കുകൾ പറഞ്ഞ് കാര്യങ്ങൾ തകരാറിലാക്കുന്നത്. അസംബന്ധ പ്രലാപമെന്നാൽ വിഡ്ഢിത്തവും അർത്ഥശൂന്യവുമായ സംസാരം.

നമ്മൾ തിരക്കായിരിക്കുമ്പോഴോ, ഏതെങ്കിലും കാര്യത്തിനായി പോകാനിരിക്കുമ്പോഴോ ക്ഷണിക്കപ്പെടാത്ത ചില അതിഥികൾ വരാറുണ്ട്, അവർ മടങ്ങിപ്പോകുവാൻ വൈകുകയോ, താമസമാക്കുകയോ ചെയ്താൽ, സമയവും ധനവുമെല്ലാം പാഴാകുകയാണെന്ന് നമുക്ക് തോന്നും, സന്തോഷവുമുണ്ടാകില്ല. ഈ രീതിയിൽ ചിലർ നമ്മുടെയടുത്തുവന്ന് പല തരത്തിലുള്ള കാര്യങ്ങൾ കേൾപ്പിക്കും. മിത്രങ്ങളോ ബന്ധുക്കളോ വന്ന് അവരുടെ മനോവിഷമങ്ങളോ പരാതികളോ പറയുമ്പോൾ, കേൾക്കുന്ന കാര്യങ്ങൾ ഹിതകരമല്ലെന്ന് തോന്നിയാൽപ്പോലും മാന്യത കരുതി, നിർബന്ധപൂർവ്വം നമുക്ക് കേൾക്കേണ്ടി വരാറുമുണ്ട്. വാചികമായ ഈ അധർമ്മങ്ങൾ ക്ഷണിക്കാതെ വന്നുചേരുന്ന അതിഥികളാണ്. നമ്മുടെ കാതുകളുടെ കവാടങ്ങൾ സദാ തുറന്നു കിടക്കുകയാണ്. അതുകാരണം, ആര് എന്തുപറഞ്ഞാലും, ഉള്ളിൽ പതിക്കും. വാചികാധർമ്മത്തിന്റെ ഈ അനുയായികൾ വരുമ്പോൾ, ഈ കാതുകളുടെ കവാടം പൂട്ടുവാനുള്ള താഴുണ്ടോ? ഇല്ലെങ്കിൽ, അവ കാരണം നമ്മുടെ മനസ്സ് മലീമസമാകും.

ആരെങ്കിലും നമ്മുടെ മുന്നിൽ വന്ന്, അവർക്ക് തൃപ്തി വരുന്നതുവരെ മറ്റാരെയെങ്കിലും നിന്ദിക്കുന്ന കാര്യങ്ങൾ വിസ്തരിച്ച് പറയുവാൻ തുടങ്ങുന്നുവെങ്കിൽ എന്ത് ചെയ്യും? ആ കാര്യങ്ങൾ വർണ്ണിക്കുന്ന വ്യക്തിയിൽ അവഗുണങ്ങളായ വെറുപ്പ്, അസൂയ, അവജ്ഞ, അനാദരവ് തുടങ്ങിയവ പ്രവേശിച്ചിരിക്കുകയാണ് എന്ന് നമ്മൾ മനസ്സിലാക്കണം. ഈ അവസരത്തിൽ നമ്മൾ അവർ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുവാൻ പാടില്ല. കേൾക്കാൻ നമുക്ക് താത്പര്യമുണ്ടെന്ന സൂചനകൾ നമ്മിൽ നിന്നും വരാനും പാടില്ല. അല്ലെങ്കിൽ, അവർക്ക് അതൊരു പ്രചോദനമാകും. പിന്നെ, അവർ പറയുന്ന കാര്യങ്ങൾ നമ്മുടെ മനസ്സിനെ വ്രണപ്പെടുത്തും. അവരുണർത്തിയ വെറുപ്പിന്റെ അലകൾ, നിന്ദിക്കപ്പെട്ട വ്യക്തിയോടുള്ള നമ്മുടെ ഭാവനയെ ദുഷിപ്പിക്കും. അവഗുണങ്ങൾ പരത്തുന്ന വ്യക്തികളുമായുള്ള സമ്പർക്കത്തിൽ ജാഗ്രത പുലർത്തേണ്ടത് ആവശ്യമാണ്. കാരണം, നന്മയുടെ ഭാവം ധാരണ ചെയ്യുന്നതിനു പകരം, അവർ പറയുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേട്ടുകൊണ്ടിരിക്കുന്നുവെങ്കിൽ, ഉൾക്കൊള്ളുന്നുവെങ്കിൽ, ആ കാര്യത്തിന്റെ രോഗാണുക്കൾ നമ്മളറിയാതെ നമ്മുടെ അന്തർവിവേകത്തെയും മനസ്സാക്ഷിയെയും അമർച്ചചെയ്യും. നമ്മുടെ സദ്ഗുണങ്ങളെ ഇല്ലായ്മ ചെയ്യും. അതിലൂടെ നമ്മുടെ മാനസികാരോഗ്യം നശിക്കും. മനസ്സുഖം നഷ്ടമാകും. അതേ അവഗുണങ്ങൾക്ക് ഒരുനാൾ നമ്മളും പരിപൂർണ്ണ അടിമകളാകും. ഇതിൽ നിന്നൊക്കെ എങ്ങനെ രക്ഷപ്പെടാൻ കഴിയും?

അന്യായവും, അന്യരെ ഉപദ്രവിക്കലും, ദുഃശ്ശീലങ്ങളും, അശുഭ ഭാവനകളും ചിന്തകളുമെല്ലാം വാസ്തവത്തിൽ നരകത്തിന്റെ ലക്ഷണങ്ങളാണ്. ഈ ലക്ഷണങ്ങളുള്ളവർക്ക് ജീവിതത്തിൽ വരും നാളുകളിൽ നരകയാതനകൾ അനുഭവിക്കേണ്ടി വരും എന്നത് ഒരു അനിഷേധ്യമായ സത്യമാണ്. എന്നാൽ സ്നേഹവും

ശേഷം 14–ാം പേജിൽ



# മാതേശ്വരി

**ബി.കെ. ജയരാജ്, ശാന്തിവൻ**

നിൻ പ്രകീർത്തനം പാടിടുന്ന
മധുവനത്തിൻ മന്ദപവനൻ
ശ്രീ സരസ്വതി രാജരാജേശ്വരി
ജഗദംബേ നിൻ ഗാഥയും, മാതേശ്വരി അംബേ

നിശ്ചിന്തയായ് നീ ഭഗവാന്റെ ആജ്ഞകൾ
നിസ്വാർത്ഥമായനുവർത്തിച്ചു,
നിറഞ്ഞൊഴുകും നിൻ പ്രേമ പയോധിയിൽ
നീരാടുന്നിന്നും ബ്രഹ്മാത്മജരും

പരമപിതാവിൻ പ്രത്യക്ഷതയ്ക്കായ്
തവസർവ്വസ്വവും അർപ്പിച്ച്
പരമപിതാവിൻ പ്രത്യക്ഷതയ്ക്കായ്
ദിവ്യമാകും നിൻ ദർശനത്താൽ
ദൈത്യർ പോലും ദേവരായ്

സമ്പൂർണ്ണമാകും സമഭാവത്താൽ
സർവ്വർക്കും വിദ്യാധനമേകി
സേവനവും പരമാത്മസ്മരണയും
ജീവനമായാർക്കും മാതൃകയായി
നിൻപ്രകീർത്തനം.

13-ാം പേജ് തുടർച്ച....

ന്യായവും, സത്ഗുണങ്ങളും ശുഭഭാവനയും സ്വർഗ്ഗത്തിന്റെ ലക്ഷണങ്ങളാണ്. ഈ ലക്ഷണങ്ങളുള്ളവർക്ക് വരും നാളുകളിൽ ജീവിതത്തിൽ സ്വർഗ്ഗത്തിന്റെ സുഖം അനുഭവിക്കുവാൻ കഴിയും. അതിനാൽ സർവ്വരോടും ശുഭഭാവന, സ്നേഹഭാവം പുലർത്തുക. മറ്റുള്ളവരുടെ അവഗുണങ്ങൾ കേട്ടാലും എനിക്ക് എങ്ങനെ അവരുടെ നന്മ ചെയ്യുവാൻ സാധിക്കും എന്ന് ചിന്തിക്കുക, അത് പ്രവൃത്തിയിൽ കൊണ്ടുവരിക. ഇതാണ് ഈ ക്ഷണിക്കപ്പെടാത്ത അതിഥികൾ കാരണം ദുഷിക്കുന്നതിൽ നിന്നും നമ്മുടെ മനസ്സിനെ രക്ഷിക്കുവാൻ സഹായകമായ കവചം. ഈ കവചം സദാ ധരിച്ചിരിക്കുമെങ്കിൽ നമ്മൾ ഈ അതിഥികളുടെ ആക്രമണത്തിൽ നിന്നും സുരക്ഷിതരായിരിക്കും. പകർച്ചവ്യാധികൾ എവിടെയെങ്കിലും പ്രത്യക്ഷപ്പെടുന്നവെന്നറിഞ്ഞാൽ മനുഷ്യർ രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നു. ചില ഔഷധങ്ങൾ കഴിക്കും. ഒന്നുകിൽ നമ്മിൽ അത്രമാത്രം പ്രതിരോധ ശക്തി ഉണ്ടായിരിക്കണം അല്ലെങ്കിൽ രോഗം പിടിപെടാനുള്ള സാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കണം. ഇതേ രീതി അവലംബിക്കുന്നതിലൂടെയും നമുക്ക് ഈ തിന്മയിൽ നിന്നും രക്ഷപ്പെടാം. സർവ്വരോടും നന്മയുടെ ഭാവം വളർത്തിയെടുക്കണം. ഇത് തിന്മയുടെ കാര്യങ്ങളുടെ സ്വാധീനം നമ്മിൽ വരാതിരിക്കുന്നതിന് സഹായകമാകും. ഉള്ളിലെ നന്മയുടെ ശക്തികൊണ്ട് നമുക്ക് കേൾക്കേണ്ടി വന്ന തിന്മയെ മായ്ച്ചു കളയുവാൻ കഴിയും. നിന്ദിക്കപ്പെട്ട വ്യക്തിയോട് നമുക്ക് സദ്ഭാവന പുലർത്തുവാനും അവർക്ക് സാന്ത്വനമേകുവാനും കഴിയും.



# യുഗം നാലിലും നല്ലൂ കലിയുഗം

ബി.കെ.സുഭാഷ്, മൗണ്ട് ആബു

]mടിപഴകിയിട്ടും പകിട്ടു പൊലിയാതെ നിൽക്കുന്ന മലയാളികളുടെ ഭക്ത കവിയായ പൂന്താനത്തിന്റെ ജ്ഞാനപ്പാനയിലെ പ്രസ്തുതവരി എന്നെ ഒരുപാട് ചിന്തിപ്പിച്ചിട്ടുണ്ട്. ഗുരുവായൂരപ്പനെ മരപ്രഭു എന്നു വിളിച്ചാക്ഷേപിച്ചു എന്ന ആരോപണം പൂന്താനത്തിനെതിരെ ഭട്ടതിരിപ്പാട് തൊടുത്ത് വിട്ടപ്പോൾ ഗുരുവായുരപ്പന്റെ അശരീരി ഉണ്ടായത്രേ 'അമരപ്രഭു മാത്രമല്ല മരപ്രഭുവും ഞാനത്രേ' പാണ്ഡിത്യം ഇല്ല എന്ന് ഭട്ടതിരിപ്പാട് കരുതിയ ആ നിഷ്കളങ്ക ഭക്തന്റെ ജ്ഞാനപ്പാനയുടെ മേലെയുള്ള വിശ്വസ്തതയും ഭാവനയും പരിചയവും, സ്വീകാര്യതയും മലയാളികൾക്ക് ഭട്ടതിരിപ്പാടിന്റെ നാരായണീയത്തോടുണ്ടോ എന്ന് ചോദിച്ചാൽ ഇല്ലെന്ന് നിസ്സംശയം പറയേണ്ടിവരും.

ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ .......  
ഉണ്ണികൾ വേറെ വേണമോ മക്കളായ് ...

മലയാളി മനസ്സിൽ ഒരേസമയം നൊമ്പരവും ഭക്തിയും വാരിയെറിഞ്ഞ ഈ വരികൾ മലയാളികളെയും ലോക ജനതയെയും ഒന്നിരുത്തി ചിന്തിപ്പിക്കുക തന്നെ ചെയ്തിട്ടുണ്ടാകും. മകന്റെ മരണത്തിൽ പോലും ഈശ്വരീയ സ്നേഹം ചോർന്നു പോകാതെ ഇങ്ങനെ ചിന്തിക്കാൻ ഈശ്വരനിൽ മനസ്സു കൊണ്ട് വിലയം പ്രാപിക്കാൻ ലോകത്തിൽ വേറാർക്കാണ് കഴിയുക. അങ്ങനെയുള്ള പൂന്താനത്തിന്റെ കലിയുഗ വർണ്ണനയുടെ ശ്രേഷ്ഠതയെപ്പറ്റി മുതിർന്ന പലരോടും ഞാൻ ചോദിച്ചിട്ടുണ്ട്. കലിയുഗം ഏറ്റവും മോശം എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു. എന്നാലും നാമസങ്കീർത്തനങ്ങളും സ്മരണയും കൊണ്ടുമാത്രം ഈശ്വരനെ പ്രാപിക്കാൻ പറ്റുന്ന സുവർണ്ണ കാലഘട്ടമാണത്. മുതിർന്നവർ തന്നെ ഒപ്പം കൂട്ടിച്ചേർത്തു. ദൂഷിത കലിയുഗത്തിൽ ശുദ്ധഹൃദയത്തോടെ ഈശ്വരാ എന്ന ചിന്ത മനസ്സിൽ വരിക ഹിമാലയം താണ്ടും പോലെ ദുഷ്കരമാണ്. മാത്രമല്ല ദേവതകളുടെ പാദം പോലും പതിത കലിയുഗത്തിൽ സ്പർശിക്കില്ലത്രേ. 'ഇതൊരുതരം മെനക്കെട്ട ഏർപ്പാടായ് പോയല്ലോ....' മുതിർന്ന സന്യാസി ശ്രേഷ്ഠന്റെ വാക്കുകൾ കേട്ടപ്പോൾ ഉള്ളിൽ പതഞ്ഞ് പൊന്തിയത് അന്നേവരെ അറിയാവുന്നതിൽ ഏറ്റവും മുന്തിയ ചീത്തവാക്ക്, തട്ടികൊടുത്തതോ വിശ്വം രചിച്ചവനെന്ന് പറയപ്പെടുന്ന സാക്ഷാൽ സർവ്വേശ്വരന്റെ പേർക്ക്. എന്നിട്ടും പൂന്താനത്തിനോട് എനിക്ക് ദേഷ്യം തോന്നിയില്ല. കാലവും അനുഭവവും ഗുരുക്കന്മാരായ് വർത്തിച്ചപ്പോൾ കലിയുഗ മാഹാത്മ്യം യഥാർത്ഥ രീതിയിൽ എനിക്ക് മുന്നിൽ പ്രത്യക്ഷമാകപ്പെട്ടു. ദേവതകളുടെ പാദസ്പർശമേൽക്കാത്ത ലോകത്തിൽ ദേവാധിദേവൻ അവതരിക്കുന്ന സമയം, ദേവതകളാലും ധർമ്മ സ്ഥാപകന്മാരാലും സാധിക്കാത്ത

ജഗത് ഉത്ധാരണ കർമ്മം സ്വയം ജഗത്പിതാവ് ചെയ്യുന്ന സമയം. ഏറ്റവും ചീത്തയുഗമെന്ന് പറയപ്പെടുന്ന കലിയുഗ കാലസ്ഥിതികളെ ഈശ്വരൻ നന്മയിലേക്ക് പരിവർത്തനപ്പെടുത്തുന്ന കലിയുഗ-സത്യയുഗ സംഗമമായ പുരുഷോത്തമ സംഗമയുഗ ത്തിലാണ് നാമിപ്പോൾ.

ആരുടെയാണോ ആത്മനേത്രം തുറന്നിരിക്കുന്നത് അവർ ഈശ്വരനെ അനുഭവം ചെയ്യുകയാണിപ്പോൾ. സത്യ ത്രേതാ ദ്വാപര കലിയുഗങ്ങളുടെ കണക്കെ ടുപ്പും കൂട്ടിക്കിഴിക്കലും പിന്നീടുള്ള ആവർത്തന ത്തിലേക്കുള്ള ഊർജ്ജശേഖരണവും ജീവാത്മാക്കൾ നടത്തുന്ന അസുലഭ കാലഘട്ടം. ഇക്ഷ്വാഹുവിനും മനുവിനും സൂര്യനുമൊക്കെ ഇതിനുമുമ്പ് ഗീത പറഞ്ഞുകൊടുത്തിട്ടുണ്ടെന്ന് ഭഗവത്ഗീതയിൽ ഭഗവാൻ അരുളിചെയ്തപ്പോൾ അത് എന്തിനെന്ന് ഉള്ളിൽ ഞാൻ ചോദിച്ചിരുന്നു. സർവ്വേശ്വരൻ ഗീത എന്തിന് പലയാവർത്തി പറയുന്നു. ദ്വാപരത്തിൽ ഗീത പറഞ്ഞിട്ടും അധഃ പ്പതനത്തിന്റെയും അന്ധകാരത്തിന്റെയും യുഗമായ കലിയുഗം ആഗതമായി? എന്നിലെ ചോദ്യ ങ്ങളുടെ കുത്തൊഴുക്ക് ചെന്നെത്തേണ്ട അതേ സാഗരത്തിൽ തന്നെ ചെന്ന് പതിച്ചുവെന്ന് കാലം പറയുകയാണിപ്പോൾ എന്നോട്.

ദേവിദേവതകൾക്ക്പോലും മോക്ഷപ്രാപ്തി ലഭ്യമാക ണമെങ്കിൽ കലിയുഗത്തിൽ ഭാരതഭൂഖണ്ഡത്തിൽ മനുഷ്യനായ് വന്ന് ജനിക്കണമെന്ന് പൂന്താനം ജ്ഞാനപ്പാനയിൽ അരുളിചെയ്തപ്പോൾ എനിക്കതിന്റെ അന്തരാർത്ഥം മനസ്സിലാക്കുവാൻ കാലം ഏറെ എടുത്തും ഇപ്പോൾ കൃതജ്ഞതയോടെ ഞാൻ പറയുന്ന ഇക്ഷ്വാഹുവിനും മനുവിനും സൂര്യനും മാത്രമല്ല സകല ദേവിദേവതകളും മാനവരൂപം പൂണ്ട് ആ ജ്ഞാനസൂര്യനിൽ നിന്നും ജ്ഞാനം ശ്രവിച്ച് വീണ്ടും ദേവതാപദം നേടുന്ന അസുലഭ മുഹൂർത്തത്തിൽ ഈ ഞാനും അവർക്കൊപ്പം ആ പരമേശ്വരനിൽ നിന്നും ഗീതാജ്ഞാനം ശ്രവിക്കുകയാണ്. അതെ, സത്യയുഗ സൂര്യോദയവും അജ്ഞാനാന്ധ കാരമായ കലിയുഗത്തിന്റെ അസ്താനവും കൂടി ച്ചേരുന്ന സൃഷ്ടിയുടെ ബ്രാഹ്മമുഹൂർത്തത്തിലാണ് നാമിപ്പോൾ. ശങ്കരൻ മൂന്നാം കണ്ണ് തുറന്നാൽ ലോകം കത്തിച്ചാമ്പലാകുമെന്ന് ഭയക്കുന്ന എന്റെ ഹൈന്ദവ സഹോദരങ്ങളെ, കേവലം ഒരു ശങ്കരന് മാത്രമല്ല നിങ്ങൾ ഓരോ സഹോദരങ്ങൾക്കുമുണ്ട് ആ മൂന്നാം നേത്രം. ഒന്നുകൂടി വ്യക്തമായി പറഞ്ഞാൽ നാശരഹിതനായ ആത്മാവ് ശരീരമാകുന്ന ക്ഷേത്രത്തിൽ നിവസിക്കുന്ന അതേസ്ഥാനത്താണ് ശങ്കരന് മൂന്നാം നേത്രം കാട്ടിയിരിക്കുന്നത്. യഥാർത്ഥ രീതിയിൽ ആത്മനേത്രം തുറന്നിരിക്കുന്നവരുടെ മുമ്പിൽ കലിയുഗത്തിന്റെ കപടതകൾ കാലിടറി വീഴുകയായി അല്ലെങ്കിൽ കത്തിചാമ്പലാവുകയായി. പരമാത്മാവിൽ നിന്ന് ബ്രഹ്മജ്ഞാനം ശ്രവിച്ച് അവർ ബ്രഹ്മജ്ഞാനി കളായ് ബ്രാഹ്മണകുലോത്തമന്മാരാകുമ്പോൾ വീണ്ടും പൂന്താനത്തിന്റെ വരികൾ മനസ്സിലേക്ക് ഓടിയെത്തുന്നു

ഉണ്ണികൃഷ്ണൻ മനസ്സിൽ കളിക്കുമ്പോൾ
ഉണ്ണികൾ വേറെ വേണമോ മക്കളായ്....


തന്റെ മരിച്ച കുട്ടിയെ മടിയിലിട്ടുകൊണ്ടാണ് പൂന്താനം ഈ വരി കുറിച്ചതെന്ന് കേട്ടിട്ടുണ്ട്. ഇതിനുസമാന മായ മറ്റൊരു ദൃശ്യം എനിക്കിന്ന് കാണാനാകുന്നത്, കലിയുഗത്തിന്റെ കപടതകളിൽ നിന്ന് ബുദ്ധികൊണ്ട് മരിച്ച് ഈശ്വരീയ സ്നേഹത്തിൽ ലയിച്ചിരിക്കുന്ന ബ്രാഹ്മണ കുട്ടികൾ ഇതുപോലൊരു ചോദ്യം ചോദിക്കുന്നു. ഈശ്വരന്റെ മടിയിൽ കളിക്കുമ്പോൾ, ഈശ്വരൻ മാതാവും പിതാവും സത്ഗുരുവുമായി പാലന നടത്തു മ്പോൾ., അതനുഭവിക്കുമ്പോൾ., ഇതിലും നല്ലതായി.., വലുതായി വേറെന്താണ് ലോകത്തിനു തരാനുള്ളത്..? ലോകത്തിനു മുമ്പിൽ കാലം കപടകലിയുഗം തന്നെ യായിരിക്കാം. പക്ഷെ ഭഗവദ് സ്നേഹത്തിൽ വിലയം പ്രാപിച്ചിരിക്കുന്ന ഞങ്ങൾ കുട്ടികളുടെ മുമ്പിൽ ഇത് ഏറ്റവും നല്ല കാലമായ പുരുഷോത്തമ സംഗമ യുഗമാണ് (ആത്മാവിനെ ഉത്തമമാക്കുന്ന തിനുള്ള സമയം). ഇതുകൊണ്ട് തന്നാകാം നമ്മുടെ പ്രിയ കവി ഇങ്ങനെ പാടിയത്.

bpKw \menepw \Ãq IenbpKw
kpKta Xs¶ apàn hê¯phm³.



**മറ്റുള്ളവരുടെ ഹൃദയത്തിൽ നിന്നും ആശീർവാദം കിട്ടുന്ന വിധം കർമ്മം ചെയ്യുക.**

**ഏവരും സന്തോഷിക്കുന്ന വിധം പുരുഷാർത്ഥം ചെയ്യുക.**




# പാഞ്ചാലിയുടെ വസ്ത്രാക്ഷേപം

**ബി.കെ. രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം**

ഭാരതീയ തത്വചിന്തകളിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു മുഹൂർത്തമാണ് പാഞ്ചാലിയുടെ വസ്ത്രാക്ഷേപം. പൊതു സ്ഥലത്ത് ബന്ധുക്കളുടെയും, ഉറ്റവരുടെയും മദ്ധ്യത്തിൽ വസ്ത്രാക്ഷേപത്തിനു വിധിക്കപ്പെടുന്ന ഏതൊരു മാന്യയുവതിയുടെയും മാനസികാവസ്ഥ വർണ്ണിക്കാവുന്നതല്ല. ഇത്തരം പ്രതിസന്ധി നാമോരോരുത്തരിലും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ വന്നു ചേരുന്നതാണ്. ഈ പ്രതിസന്ധിയെ എങ്ങനെ അഭിമുഖീകരിക്കണം എന്നതാണ് പ്രസക്തം.

ആരാണ് പാഞ്ചാലി, ആരാണ് ശ്രീ കൃഷ്ണൻ ഇതെല്ലാം വ്യക്തമായി അറിഞ്ഞിരിക്കേണ്ട യഥാർത്ഥ്യങ്ങളാണ്. അഞ്ചു ഭർത്താക്കന്മാരുമായി ജീവിതം പങ്കിടുന്നവളാണ് പാഞ്ചാലി. ഒരു ഭർത്താവല്ലാതെ മറ്റൊരാളെ സ്വീകരിക്കുന്നത് നിയമപരമായും, അല്ലാതെയും മാനിക്കപ്പെടുന്നതല്ല. എന്നിട്ടും പാഞ്ചാലിക്ക് ആരും അയിത്തം കൽപ്പിച്ചില്ല. പാഞ്ചാലി സന്തോഷത്തോടെ, തെല്ലൊരഹങ്കാരത്തോടെ തന്നെ പാണ്ഡവരോടൊത്തു ജീവിച്ചു വന്നു. അപ്പോഴാണ് അനവസരത്തിൽ കള്ളച്ചൂതിൽ രാജ്യം നഷ്ടപ്പെട്ട പാണ്ഡവർ പാഞ്ചാലിയെയും ഒരു പണയ വസ്തുവാക്കി മാറ്റിയത്. തന്റെ അനുവാദമില്ലാതെ, തന്നെ പണയം വയ്ക്കാൻ ഇവർക്കാര് അധികാരം കൊടുത്തു. എന്തനീതിയാണിത്? ഇതു മുതലാണ് പാഞ്ചാലിയുടെ അഭിമാനം ധ്വംസിക്കപ്പെടുന്നതും. തനിക്കാരുമില്ലെന്നു മനസ്സിലാക്കുന്നതും. മാത്രമല്ല താനാരേക്കുറിച്ചാണോ ഇത്ര അഭിമാനിച്ചിരുന്നത്, അഹങ്കരിച്ചിരുന്നത് അവർ തന്നെയാണ് തന്നെ അതിക്രൂരമായി ചതിച്ചതും. സത്യത്തിൽ ഇവർ തന്നെയാണോ തന്റെ ഭർത്താക്കന്മാർ എന്നുപോലും പാഞ്ചാലി ഓർത്തുപോയി. തന്നെ അപമാനത്തിന്റെ മൂർദ്ധന്യതയിൽ തള്ളിയിട്ട് ഒരു വിരൽപോലും അനക്കാതെ നിസ്സഹായരായി നോക്കിനിന്ന ഇവരെയാണോ ഇത്രനാളും താൻ പരിചരിച്ചു പോന്നത്. തന്റെ സർവ്വസ്വവുമായി ആരാധിച്ചുവന്നത്. ഇതികർത്തവ്യതാമൂഢയായി പാഞ്ചാലി മനംനൊന്ത് ഭഗവാൻ ശ്രീ കൃഷ്ണനെ വിളിക്കുകയാണ്. (ആത്മാവിന്റെയെല്ലാം അച്ഛനായ പരമാത്മാവിനെയാണ് കൃഷ്ണനായി കാണിച്ചിരിക്കുന്നത്). തന്നെ രക്ഷിക്കണം ഈ അപമാനഭാരം താങ്ങാവുന്നതിലപ്പുറമാണ്. സഹായിക്കണം. ഈ അതിദയനീയ അവസ്ഥയെ നേരിടുന്ന നിസ്സഹായകരായ പാഞ്ചാലികളാണ് നമ്മളോരോരുത്തരുമെന്ന സത്യത്തെയാണ് ഇവിടെ പ്രബലമാക്കുന്നത്. പഞ്ചഭൂതങ്ങളാൽ നിർമ്മിക്കപ്പെട്ട ശരീരവുമായി ജീവിക്കുന്ന പാഞ്ചാലികളാണ് നമ്മൾ. ഈ ശരീരമാകുന്ന വസ്ത്രത്തിൽ നിന്നും കാലം നമ്മളെ അതിക്രൂരമായി വേർപെടുത്തുകയാണ്, വസ്ത്രാക്ഷേപം ചെയ്യുകയാണ്. ഇവിടെ ശരീരത്തിന്റെ ഒരു ധർമ്മത്തിനും നമ്മളെ രക്ഷിക്കാനോ, സഹായിക്കാനോ കഴിയുന്നില്ല. ഈയവസരത്തിൽ നമ്മളെ രക്ഷിക്കാൻ നമ്മൾ ശരീരമല്ല, ആത്മാവാണെന്ന തിരിച്ചറിവിലൂടെ മാത്രമേ സാധിക്കുകയുള്ളൂ. ഈ അറിവാണ് സാക്ഷാൽ പരമാത്മാവ് ആർക്കും അഴിക്കാൻ സാധിക്കാത്ത വസ്ത്രമായി പാഞ്ചാലികളായ നമുക്ക് തന്നുകൊണ്ടിരിക്കുന്നത്. ഇതിലൂടെ മാത്രമേ നമ്മൾ എക്കാലവും സുരക്ഷിതമാകുന്നുള്ളൂ.

# മാറുന്ന കാലവും മാറുന്ന ലോകവും

cmPtbmKin_nc¯nÂ h¶t¸mgpmb Aë`hw

**ബി.കെ.മാമ്പള്ളി.ജി.ആർ, ചാത്തന്നൂർ**

**au**ണ്ട് ആബുവിൽ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വവിദ്യാലയത്തിൽ മേയ് മാസത്തിൽ നടന്ന രാജയോഗ ശിബിരത്തിൽ പങ്കെടുക്കാൻ എനിക്കും കഴിയുമെന്ന് അറിഞ്ഞിരുന്നേയില്ല. പക്ഷെ സർവ്വശക്തനായ ജഗത്നിയന്താവായ പരമാത്മാവും, അതിനുള്ള വഴി എത്ര അനായാസമായാണ് ഒരുക്കിയത്. 25 വർഷങ്ങൾക്ക് മുൻപ് രാജയോഗിനി ബ്രഹ്മാകുമാരി രാധായും രാജയോഗി ബ്രഹ്മാകുമാർ വാസനും ആദിനാട് നോർത്തിൽ ശ്രീ സേതുമാധവന്റെ ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിയ രാജയോഗ ചിത്രപ്രദർശനത്തിന്റെ ഫലം ഇങ്ങനെ പരിണമിക്കുമെന്ന് അന്ന് ഒട്ടും തന്നെ വിചാരിച്ചിരുന്നില്ല. കല്പാവസാനം ആത്മാക്കളെ നാം എത്ര അതിശയകരമായാണ് ഈശ്വരീയ ജ്ഞാനം കൂട്ടിയോജിപ്പിക്കുന്നത്. മനസ്സിൽ മുളപൊട്ടിയ സങ്കല്പങ്ങൾ 25 വർഷങ്ങൾ പിറകോട്ട് പോയി. നിയതിഗതിയെ ഓർത്ത് അതിശയിച്ചു പോയി. ഇത്തവണത്തെ ശിബിരത്തിൽ പങ്കെടുക്കാൻ നൂറോളം പേർ കേരളത്തിൽ നിന്നെത്തിയപ്പോൾ കൊല്ലത്തു നിന്നും എത്തിയ ഒൻപതുപേരിൽ ഒരാളായി എനിക്കും എത്താൻ കഴിഞ്ഞത് ഭാഗ്യം കൊണ്ടു മാത്രമായിരുന്നു. ആലപ്പുഴയിലെ ശ്രീ. അരവിന്ദനും, തിരുവനന്തപുരത്തെ ബ്രഹ്മാകുമാരി ബീനയും ഒക്കെ ഈ ശിബിരത്തിൽ സഹായികളായി എത്തിയതുമൊക്കെ അലൗകീക അനുഭൂതി ഏറെ ഉളവാക്കി. രാജയോഗ പഠനം തന്നെയാണ് ഈ ആനന്ദാനുഭൂതിയിലേക്ക് വഴിയൊരുക്കുന്നത്. ആ കാരണത്താലാണ് ഇത്തവണത്തെ രാജയോഗ ശിബിരവും വളരെയധികം സുമനസ്സുകളുടെ ഭാഗ്യത്തെ തോട്ടുണർത്തുവാൻ വഴിയൊരുക്കുന്നത്.

രാജയോഗിനി രത്നമോഹിനി ജിയുടെ സാന്നിദ്ധ്യം, രാജയോഗിനി ഷീലു ജിയുടെ ക്ലാസ്സ് ഇവയെല്ലാം അന്നും ഇന്നും ഏറെ ആകർഷിച്ചിട്ടുള്ള കാര്യങ്ങൾ തന്നെ. ആത്മാ-പരമാത്മാ സ്നേഹം ഒരു ദിവ്യാനുഭൂതിയായിത്തീരുമ്പോൾ അതിന്റെ പ്രതിഫലനം നമ്മുടെ മനസ്സിലും ശരീരത്തിലും ചുറ്റുപാടും മറ്റ് ആത്മാക്കളിലും പ്രതിഫലിക്കുന്നു. ഈ അനുഗ്രഹ അവസ്ഥ മാറുന്നത് പാണ്ഡവ ഭവനിലും ജ്ഞാനസരോവരത്തിലും പീസ്പാർക്കിലും ശാന്തിവനത്തിലും ആവോളം നുകരാൻ അവസരം ലഭിച്ചു. ഭഗവാൻ ഈ ഭൂമിയിലവതരിച്ചിട്ട് 77 വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. ഇതുവരെയും ആ സത്യം അറിയാത്തവർക്ക് അതറിയുമ്പോൾ ഉണ്ടാകുന്ന ആനന്ദം കണേണ്ട കാഴ്ചതന്നെയായിരുന്നു കുംഭകർണ്ണ നിദ്രയയിൽ കഴിയുന്നവർ ഏറെ ഉണ്ടല്ലോ എന്നോർക്കുമ്പോൾ ഒരല്പം പരിഭവം. വരാനിരിക്കുന്ന നല്ല ലോകത്തെക്കുറിച്ചു മാത്രം ഉൾക്കാഴ്ച്ചയുള്ളവരെക്കൊണ്ട് ലോകം നിറയുമ്പോൾ, അത്തരം ഉൾക്കാഴ്ച്ചകൾ ഫലവത്താകാൻ തുടങ്ങുമ്പോൾ, 'ഹവിസ്സി'ന്റെ രചയിതാക്കൾക്കും തന്നാലാകുന്നതു ചെയ്യുന്ന അണ്ണാൻ കുഞ്ഞുങ്ങളെപ്പോലെ സന്തോഷിക്കാൻ വകയുണ്ട്.

ഒരുപാട്ടു പാടി നമ്മൾ
ഒരുമിക്കും വേളയിത്
അറിവിൻ അഞ്ജനമെഴുതി
അജ്ഞാനത്തിമിരമകലും വേളയിത്

രാജയോഗ ശിബിരത്തിലൂടെ അനവധി സഹോദരാത്മാക്കൾക്ക് ഒരു പുതിയ ജീവിതരീതി പരിചിതമായി.

കാലം മാറുകയാണ്, ലോകം മാറുകയാണ്, ശിബിരത്തിൽ വന്നവരിൽ പലർക്കും ഇതു ബോധ്യമാകുക തന്നെ ചെയ്തു.

**hn\bhpambn H¯ptNêt¼mÄ kXyw sXfnbn¡s¸Spì.**

\nÊwKcmbn Bib§sf apt¶m«p híphm³ hn\bw klmbnçì. Fsâ DÅnse kXyw aÁpÅhsc a\Ênemçhmëw AhêsS ImgvN¸mSpItfmSv Xpd¶ kao]\w Im«phmëw \s½ klmbnçì. At¸mÄ aÁpÅhÀçw \½psS Bib§Ä a\Ênemçhm³ km[nçì.



ഈശ്വരീയ സേവനം

# കേരളത്തിൽ



ലോക പുകയില വിരുദ്ധ ദിനത്തോടനുബന്ധിച്ച് മെയ് 31 ന് എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ നടന്ന ബോധവൽക്കരണ ചിത്ര പ്രദർശനം ഉദ്ഘാടനം ചെയ്തുകൊണ്ട് സറ്റേഷൻ മാനേജർ പി. ചന്ദ്രൻ, ബ്രഹ്മാകുമാർ വാസൻ, ചീഫ് ഹെൽത്ത് ഇൻസ്പെക്ടർ സാജു, ഡെപ്യൂട്ടി മാനേജർ സാം, റയിൽവെ പ്രൊട്ടക്ഷൻ ഫോർസിലെ കുറുപ്പ് എന്നിവർ.



ചിറ്റൂർ നെഹ്റു ആഡിറ്റോറിയത്തിൽ നടന്ന ദ്വാദശ ജ്യോതിർലിംഗ ദർശന ആദ്ധ്യാത്മിക മേളയോടനു ബന്ധിച്ച് മെയ് 17ന് സംഘടിപ്പിച്ച ദീപധ്യാനവും മാതൃസംഗമവും ബ്രഹ്മാകുമാരി കവിത ദീപം തെളിച്ച് ഉദ്ഘാടനം ചെയ്യുന്നു.



ബ്രഹ്മാകുമാരീസിന്റെ സഹമുഖ്യപ്രശാസിക, ദാദി ഹൃദയമോഹിനി ജി മെയ് 15ന് കോയമ്പത്തൂരിൽ ഈശ്വരീയ പരിവാരത്തെ സന്ദർശിച്ചപ്പോൾ.